
ദീപനാളം
കലാസാംസ്കാരിക ദേശീയവാരിക
ESTD-1968

2025 ഏപ്രിൽ 10 | ദീപം 58 | നാളം 6 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org

# കലാലയരാഷ്ട്രീയത്തിന് സർക്കാർ കുടപിടിക്കുമ്പോൾ



അഡ്വ. വി. സി. സെബാസ്റ്റ്യൻ

**2025** മാർച്ച് 24, 25 തീയതികളിൽ കേരള നിയമസഭ ചർച്ച ചെയ്തു പാസാക്കിയ രണ്ടു സുപ്രധാനബില്ലുകളാണ് സ്വകാര്യ സർവകലാശാലകൾ (സ്ഥാപനവും നിയന്ത്രണവും) ബിൽ 2025, സർവകലാശാല നിയമങ്ങൾ ഭേദഗതി ബിൽ 2025 എന്നിവ. ഗവർണർ ഒപ്പിട്ടാൽ ബിൽ നിയമമാകും. ഗവർണർ ഒപ്പിടുമോയെന്നതു കാത്തിരുന്നു കാണാം. പ്രതിപക്ഷവും ഭരണപക്ഷവും ഒരുമിച്ച് ശബ്ദവോട്ടോടെ പാസാക്കിയ ഈ നിയമങ്ങൾ ഉന്നതവിദ്യാഭ്യാസ മേഖലയ്ക്കു കൂടുതൽ നേട്ടങ്ങളുണ്ടാക്കുമെന്ന ന്യായവാദം ഒരു പരിധിവരെ അംഗീകരിക്കാം. പക്ഷേ, ബില്ലുകളുടെ ഉള്ളിൽ ഒളിഞ്ഞിരിക്കുന്ന രാഷ്ട്രീയ അജണ്ടകൾ പലതും പൊതുസമൂഹം കാണാതെ പോകുന്നു. കേരളസമൂഹത്തിലിതു ചർച്ച ചെയ്യാൻപോലും രാഷ്ട്രീയനേതൃത്വങ്ങളും അവരുടെ കുഴലൂത്തുകാരും തയ്യാറാകുന്നില്ലെന്നതാണു പരമാർത്ഥം.

### വിദ്യാർഥിരാഷ്ട്രീയത്തിനു പരവതാനി

കലാലയവിദ്യാർഥിരാഷ്ട്രീയം സൃഷ്ടിക്കുന്ന അരക്ഷിതാവസ്ഥയും പ്രതിസന്ധികളും നിരന്തര പ്രകോപനങ്ങളും സമരങ്ങളും അക്രമങ്ങളും വെള്ളപൂശാനുള്ള രാഷ്ട്രീയനേതൃത്വങ്ങളുടെ അജണ്ടകൾ പുതിയ നിയമനിർമാണത്തിലൂടെയും പഴയനിയമത്തിന്റെ ഭേദഗതികളിലൂടെയും അനാവരണം ചെയ്തിരിക്കുന്നത് വിദ്യാഭ്യാസവിദഗ്ധരും വിദ്യാഭ്യാസസ്ഥാപനങ്ങളുടെ നടത്തിപ്പുകാരായ മാനേജ്മെന്റുകളും പൊതുസമൂഹവും കാണാതെപോകുന്നതും അറിഞ്ഞിട്ടും അറിഞ്ഞില്ലെന്നു നടിച്ച് അനങ്ങാതിരിക്കുന്നതും അതിശയിപ്പിക്കുന്നു.

പുതിയ സ്വകാര്യസർവകലാശാലാനിയമത്തിലും പഴയ സർവകലാശാലാനിയമത്തിന്റെ ഭേദഗതിയിലും കലാലയങ്ങളിൽ സംഘടനകളുടെ പ്രവർത്തനങ്ങൾക്കു സർക്കാർ നിയമപരമായ അംഗീകാരം നൽകിയിരിക്കുന്നത് സൃഷ്ടിക്കുന്ന ഭവിഷ്യത്തുകളുടെ ആഴം ആരും അളക്കുന്നില്ല. നിയമസഭയിൽ ബില്ല് പാസാക്കുന്നതിനുമുമ്പ് ഉന്നത വിദ്യാഭ്യാസവകുപ്പുമന്ത്രി 2025 മാർച്ച് 25 ന് പങ്കുവച്ചത് സർവകലാശാലാബിൽ ഭേദഗതി 2025 വിദ്യാർഥികളുടെ അവകാശ പ്രഖ്യാപനമെന്നാണ്. വിദ്യാർഥി രാഷ്ട്രീയത്തിനും സംഘടനകൾക്കും മുമ്പിൽ രാഷ്ട്രീയ അടിമത്തം പേറുന്ന ജനപ്രതിനിധികളായ നിയമസഭാസാമാജികർ ഒറ്റക്കെട്ടായി അണിനിരന്നുവെന്ന വൈചിത്ര്യവുമുണ്ട്.

### സർവകലാശാല നിയമഭേദഗതിയിലെന്ത്?

1986 ലെ കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല ഭേദഗതി ആക്ടിലെ 30 എ വകുപ്പ് 1 മുതൽ 8 വരെ ഉപവകുപ്പുകൾ, 2013 ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവകലാശാല ഭേദഗതി ആക്ടിലെ 54 എ 1 മുതൽ 8 വരെ ഉപവകുപ്പുകൾ, 2015 ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്രസർവകലാശാല ഭേദഗതി ബില്ല് 41 എ 1 മുതൽ 8 വരെ ഉപവകുപ്പുകളിൽ വിദ്യാർഥികളുടെ അവകാശത്തെക്കുറിച്ചുള്ള നിയമങ്ങൾ കൂട്ടിച്ചേർത്തിരിക്കുന്നു. വിവിധ സർവകലാശാലകളുടെ നിയമഭേദഗതിയിൽ വിവിധ വകുപ്പുകളിലായി ഒരേതരത്തിലുള്ള ചേർക്കലുകളാണുള്ളത്.

ഉപവകുപ്പ് 4 പ്രകാരം. 'വിദ്യാർഥികൾക്ക് അവരുടെ താത്പര്യാർഥം ഏതെങ്കിലും സംഘടനയിൽ അംഗമാകുന്നതിന് അവകാശമുണ്ടായിരിക്കുന്നതും അങ്ങനെയുള്ള ഒരു സംഘടനയിൽ അവർ ഉൾപ്പെടുന്നുവെന്ന കാരണത്താൽ സർവകലാശാല അവരെ മുൻവിധിയോടെയുള്ള പെരുമാറ്റത്തിനു വിധേയരാക്കാൻ പാടില്ലാത്തതുമാണ്'.

5-ാം ഉപവകുപ്പും പ്രത്യേകം ശ്രദ്ധിക്കുക: "വിദ്യാർഥികളുടെ ഒരു കൂട്ടത്തിന് സംഘടിക്കുന്നതിനും അതിലെ അംഗങ്ങളുടെ താത്പര്യങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും അവകാശമുണ്ടായിരിക്കുന്നതാണ്. അങ്ങനെയുള്ള ഓരോ സംഘത്തിനും പരസ്യപ്പെടുത്തുന്നതിനും യോഗങ്ങൾ നടത്തുന്നതിനും ഏതു വിഷയവും ചർച്ചചെയ്യുന്നതിനും നിയമാനുസൃതവും സമാധാനപരവുമായ പ്രകടനത്തിൽ ഏർപ്പെടുന്നതിനും അവകാശമുണ്ടായിരിക്കുന്നതാണ്."

6-ാം ഉപവകുപ്പിൽ 'സർവകലാശാലയുടെയും അതിൻകീഴിൽ വരുന്ന എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും എല്ലാ സമിതികളിലും വിദ്യാർഥി പ്രാതിനിധ്യമുണ്ടായിരിക്കണം.'

54 സി വകുപ്പും ഉപവകുപ്പുകളും അധ്യാപകരുടെ അവകാശങ്ങളെ സൂചിപ്പിക്കുന്നു. 3-ാം ഉപവകുപ്പുപ്രകാരം 'അധ്യാപകർക്കോ അവരുടെ സംഘങ്ങൾക്കോ സംഘടനകൾക്കോ സർവകലാശാലയുടെ മുൻകൂർ അനുമതിയില്ലാതെ, ലിഖിതമായതോ അച്ചടിച്ചതോ ഇലക്ട്രോണിക് രൂപത്തിലുള്ളതോ ആയ മെറ്റീരിയലുകൾ കാമ്പസിൽ വിതരണം ചെയ്യുകയും പ്രദർശിപ്പിക്കുകയും ചെയ്യാവുന്നതാണ്.

### ഭാവി പന്താടുന്ന ക്രൂരത

ഉന്നതവിദ്യാഭ്യാസമേഖലയെ രക്ഷിക്കാനെന്നപേരിലുള്ള സർവകലാശാല നിയമഭേദഗതിയുടെ ഉള്ളറകളിലേക്കു കടന്നാൽ ഉന്നതവിദ്യാഭ്യാസമേഖലയെ സമ്പൂർണമായി രാഷ്ട്രീയവത്കരിക്കുന്നതിനു നിയമപരമായ അംഗീകാരമാണു നൽകിയിരിക്കുന്നത്.

▶12




> രാഷ്ട്രീയപ്പാർട്ടികൾക്കു കൊടിപിടിക്കാൻ ആളു വേണം. അധികാരമുറപ്പിക്കാൻ അക്രമങ്ങൾ വേണം. വിദ്യാർഥിരാഷ്ട്രീയചരിത്രവും പാരമ്പര്യവും പൊതുവേദികളിൽ പുലമ്പാനും തലമുറകളിലേക്ക് ഇവ കൈമാറി ആവേശം വിളമ്പാനും രക്തസാക്ഷികൾ വേണം. കേരളത്തിലെ കലാലയങ്ങളിൽ കക്ഷിരാഷ്ട്രീയത്തിന്റെ മറവിൽ കഴിഞ്ഞ ആറര പതിറ്റാണ്ടായി സംഭവിച്ചുകൊണ്ടിരിക്കുന്നതിന്റെ ചുരുക്കമിതാണ്.

# നിഖ്യാവിശ്വാസപ്രമാണം റോമാസാമ്രാജ്യത്തിന്റെ ഔദ്യോഗികനിയമം

നിഖ്യാസൂനഹദോസിന്റെ 1700-ാം വർഷം പ്രമാണിച്ച് നിഖ്യാസൂനഹദോസിനെയും നിഖ്യാവിശ്വാസപ്രമാണത്തെയുംകുറിച്ചുള്ള ഒരു പഠനപരമ്പര

11



ഫാ. ഡോ. ജെയിംസ് പുലിയുറുമ്പിൽ



### നിഖ്യാവിശ്വാസത്തോടുള്ള എതിർപ്പ്

ആരിയൂസിന്റെ സിദ്ധാന്തത്തെ നിഖ്യാസൂനഹദോസ് തള്ളിക്കളയുകയും ആരിയൂസിനെ പുറത്താക്കുകയും ചെയ്തുവെങ്കിലും കാലക്രമത്തിൽ ആരിയൂസിന്റെ പഠനത്തിന് കൂടുതൽ പ്രചാരം സിദ്ധിക്കുകയും പലരും അതിനെ അനുകൂലിക്കുകയും ചെയ്യാൻ തുടങ്ങി. ആരിയൂസിനെ നേരത്തേ അനുകൂലിച്ച വ്യക്തിയായിരുന്നു നിക്കോമേദിയായിലെ മെത്രാനായിരുന്ന എവുസേബിയൂസ്. ആരിയൂസിനോടൊപ്പം അദ്ദേഹവും പുറംതള്ളപ്പെട്ടെങ്കിലും സാവധാനം അദ്ദേഹം ചക്രവർത്തിയുടെ ഇഷ്ടത്തിനു പാത്രമാകാൻ തുടങ്ങി. മാത്രവുമല്ല, കോൺസ്റ്റന്റൈന്റെ സഹോദരിയായ കോൺസ്റ്റന്റീനായും ആരിയൂസിന്റെ പഠനങ്ങളെ അനുകൂലിച്ചിരുന്നു. ആരിയൂസിനെ നേരത്തേതന്നെ എതിർത്ത ഗ്രൂപ്പിന്റെ സാരഥിയായിരുന്ന അത്തനേഷ്യസ് ഇതിനോടകം അലക്സാണ്ട്രിയായിലെ മെത്രാനായി അവരോധിക്കപ്പെട്ടിരുന്നു.

ആരിയൂസിനോട് നേരത്തേയുണ്ടായിരുന്ന വിരോധം സാവധാനം ഇല്ലാതായി എന്നു മാത്രമല്ല, ആരിയൂസ് അനുഭാവികൾ അധികാരത്തിൽ വരാനും രാജാവിനെ സ്വാധീനിക്കാനും തുടങ്ങി. തത്ഫലമായി ആരിയൂസിനെ നേരത്തേ എതിർത്ത, തുടർന്ന് അലക്സാണ്ട്രിയായിലെ മെത്രാനായിരുന്ന അത്തനേഷ്യസിനെ 335 ൽ ട്രിയറിലേക്കു നാടുകടത്തി. 336 ൽ കോൺസ്റ്റന്റൈനുമായുള്ള ഒരു സംഭാഷണം വഴി 'തന്റെ സത്യവിശ്വാസം' തെളിയിക്കാൻ ആരിയൂസിനു സാധിച്ചു. ടയർ, ജറുസലേം എന്നിവിടങ്ങളിൽ വച്ച് 335 ൽ എടുത്ത തീരുമാനം ആരിയൂസിനെ തിരികെയെടുക്കണം എന്നതായിരുന്നു. തിരികെയെടുക്കാൻ കോൺസ്റ്റന്റൈയിൻ കല്പനയും കൊടുത്തു. എന്നാൽ, അതിനു തലേദിവസം ആരിയൂസ് മരിച്ചു. എങ്കിലും ആര്യനിസം അംഗീകരിക്കപ്പെട്ടതുപോലെയായി. ആര്യനിസത്തിന്റെ ഈ തിരിച്ചുവരവ് സഭയിൽ വീണ്ടും പ്രശ്നങ്ങൾക്കും വിഘടനങ്ങൾക്കും കാരണമായി. ഇതിനൊരു പരിഹാരം കാണാനായി 342 ൽ ഒരു കൗൺസിൽ സാർദിക്കായിൽ ചേർന്നു. ഇതു വഴി പ്രശ്നത്തിനു പരിഹാരമായില്ല എന്നുമാത്രമല്ല, ഇതിന്റെ പേരിലുള്ള പ്രശ്നങ്ങൾ കൂടുതൽ രൂക്ഷമാവുകയാണു ചെയ്തത്.

ഇതിനോടകം രാഷ്ട്രീയമായ വലിയ മാറ്റങ്ങളും റോമാസാമ്രാജ്യത്തിലുണ്ടായി. മഹാനായ കോൺസ്റ്റന്റൈൻ 337 ൽ മരിച്ചു. തുടർന്ന് റോമാസാമ്രാജ്യം അദ്ദേഹത്തിന്റെ മൂന്നു മക്കൾക്കായി വിഭജിക്കപ്പെട്ടു: കോൺസ്റ്റന്റൈയിൻ രണ്ടാമൻ (337-340), കോൺസ്റ്റാൻസ് (337-350), കോൺസ്റ്റാൻസിയൂസ് രണ്ടാമൻ (337-360). ഇവരിൽ ആദ്യ രണ്ടുപേർ പടിഞ്ഞാറും മൂന്നാമൻ കിഴക്കും അധികാരികളായിരുന്നു. എന്നാൽ, 350 ൽ കോൺസ്റ്റാൻസിയൂസ് II കിഴക്കിന്റെയും പടിഞ്ഞാറിന്റെയുംകൂടി ഒറ്റ അധികാരിയായി. അങ്ങനെ കോൺസ്റ്റന്റൈന്റെ കാലത്തെപ്പോലെ റോമാസാമ്രാജ്യം ഒറ്റരാജ്യമായി നിലനിന്നു. തന്റെ രാജ്യത്ത് ഏകീകൃതത്വം ആഗ്രഹിച്ച അദ്ദേഹം ക്രിസ്തുമതത്തെ പ്രോത്സാഹിപ്പിച്ചു; വിജാതീയമായ ഒന്നും അനുവദിച്ചില്ല. വിജാതീയദേവൻമാർക്കു പ്രതിഷ്ഠിക്കപ്പെട്ടിരുന്ന ക്ഷേത്രങ്ങൾ നശിപ്പിക്കാൻ 341 ലും 346 ലും നിയമങ്ങൾ കൊണ്ടുവന്നു. അതോടെ വിജാതീയബലികളും രാജ്യത്തുടനീളം മുടക്കപ്പെട്ടു. ഇതെല്ലാം ക്രിസ്തുമതത്തിന്റെ വലിയ വളർച്ചയ്ക്കു കാരണമായി. എന്നാൽ, അദ്ദേഹം ആര്യനിസമാണു പ്രചരിപ്പിച്ചത്. കാരണം, അതാണ് കുറേക്കൂടി അർഥവത്തായി അദ്ദേഹത്തിനു തോന്നിയത്. അദ്ദേഹം ആര്യനിസത്തിന്റെ പ്രവാചകനായിത്തീർന്നു. ഇന്ത്യ ഉൾപ്പെടെ പല രാജ്യങ്ങളിലേക്ക് ആര്യനിസത്തിന്റെ പ്രവാചകരെ അദ്ദേഹം അയയ്ക്കുന്നുണ്ട്. ആര്യനിസത്തെ അനുകൂലിക്കുന്നതിന്റെ ഭാഗമായാണ് നേരത്തേ ആര്യനിസത്തെ എതിർത്ത അത്തനേഷ്യസിനെ നാടുകടത്തിയത്. അതുകൊണ്ടാണ് അത്തനേഷ്യസ് പ്രവാസത്തിലായിരുന്ന കാലത്ത് 'ആര്യനിസത്തിന്റെ ചരിത്രം' എന്ന ഗ്രന്ഥത്തിൽ കോൺസ്റ്റാൻസിയൂസിന് എതിരായി ഇങ്ങനെ എഴുതുന്നത്; 'ഔദ്ധത്യത്തിന്റെ പ്രവാചകൻ, പാഷണ്ഡതയുടെ രാജാവ്, അന്തിക്രിസ്തുവിന്റെ മുൻഗാമി' എന്ന്.

ഇക്കാലത്ത് റോമാസാമ്രാജ്യത്തിലെ സഭയിൽത്തന്നെ കിഴക്ക് - പടിഞ്ഞാറ് എന്നീ രണ്ടു വ്യത്യസ്ത ചിന്തകൾ, വിപരീതചിന്തകൾ ശക്തിപ്പെടുന്നതു കാണാനാകും. അത്തനേഷ്യസിനെ അലക്സാണ്ട്രിയായിൽനിന്ന് പുറത്താക്കിയത് അനീതിയാണെന്നു വാദിച്ച പടിഞ്ഞാറുഭാഗം നിഖ്യാവിശ്വാസപ്രമാണത്തോടുള്ള വിധേയത്വം ഒന്നുകൂടി പ്രഖ്യാപിച്ചപ്പോൾ, കിഴക്കുഭാഗം അത്തനേഷ്യസിനെ പുറംതള്ളിയത് അംഗീകരിച്ചു. അദ്ദേഹത്തെ പിന്തുണച്ച ജൂലിയൻ ഒന്നാമൻ മാർപാപ്പായെ അവർ രൂക്ഷമായി വിമർശിച്ചു. 342 ലെ സാർദിക്ക കൗൺസിലിൽ കിഴക്കും പടിഞ്ഞാറും ഭാഗങ്ങൾ രണ്ടായാണ് സമ്മേളിച്ചത്. അതാണ് ഇവരുടെ ഭിന്നതകൾ രൂക്ഷമാകാനുള്ള പ്രധാന കാരണവും. ഈ കൗൺസിലിൽ കിഴക്കുഭാഗം നിഖ്യാ കൗൺസിലിലെ 'ഒരേസത്ത' (homo ousios)യ്ക്ക് പകരം മറ്റൊരു ഫോർമുലതന്നെ രൂപപ്പെടുത്തി. 'പിതാവിനേപ്പോലെയുള്ള പുത്രൻ' (son is like the Father) 'എല്ലാക്കാര്യങ്ങളിലും പിതാവിനേപ്പോലെയുള്ളവൻ' (in all respects like the Father) 'പിതാവിന്റെതന്നെ പ്രകൃതിയിയുള്ളവൻ' (of a nature like that of the Father) എന്നിങ്ങനെയായിരുന്നു അവരുടെ വീക്ഷണങ്ങൾ.

നിഖ്യാവിശ്വാസത്തെ എതിർത്തവർ ആര്യനിസത്തെ അനുകൂലിച്ചിരുന്ന കോൺസ്റ്റാൻസിയൂസ് ചക്രവർത്തിയോട് മറ്റൊരു കൗൺസിൽകൂടി നടത്താൻ ആവശ്യപ്പെട്ടു. അതനുസരിച്ച് പാശ്ചാത്യർ ഇറ്റലിയിലെ റിമിനിയിലും പൗരസ്ത്യർ സെലുഷ്യയിലും ഒന്നുചേർന്നു. അപ്പോഴും ഒരു തീരുമാനമുണ്ടായില്ല. റിമിനിയിൽ സമ്മേളിച്ച പാശ്ചാത്യർ നിഖ്യാവിശ്വാസപ്രമാണത്തോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചു. സെലൂഷ്യായിൽ ചേർന്നവരുടെയിടയിൽ യാതൊരു അഭിപ്രായ ഐക്യവുമുണ്ടായില്ല. തുടർന്ന് നിഖ്യാഫോർമുലയിൽനിന്ന് അല്പം വ്യത്യസ്തമായ ഫോർമുല കോൺസ്റ്റാൻസിയൂസ് രൂപപ്പെടുത്തി. യഥാർഥ നിഖ്യാഫോർമുലയെ പൗരസ്ത്യർ സ്വീകരിക്കാത്തതിനാലാണ് ഇങ്ങനെ ചെയ്തത്. മാത്രവുമല്ല, ആരിയൂസിന്റെ പഠനങ്ങളോട് ഇപ്പോൾ താത്പര്യമുള്ള ചക്രവർത്തിക്ക് നേരത്തേ ആരിയൂസിനെ എതിർക്കാൻവേണ്ടി രൂപപ്പെടുത്തിയ homo ousian ഫോർമുലയിൽ അല്പം മാറ്റം വന്നുകാണാൻ ഇഷ്ടപ്പെടുകയും ചെയ്തു. പുതിയ ഫോർമുല ഇപ്രകാരമായിരുന്നു: "വേദപുസ്തകം അനുസരിച്ച് പിതാവും പുത്രനും സത്തയിൽ ഒരുപോലെയാണ്." ആദ്യത്തെ ഫോർമുല niceanum എന്ന പേരിൽ അറിയപ്പെട്ടിരുന്നെങ്കിൽ പുതിയതിന് nicenum എന്ന പേര് നൽകി. സാമ്രാജ്യത്തിലെ എല്ലാ മെത്രാന്മാരും ഇത് അംഗീകരിച്ച് ഒപ്പുവയ്ക്കാൻ കോൺസ്റ്റാൻസിയൂസ് ആവശ്യപ്പെടുകയും ചെയ്തു; അല്ലാത്തവരെ സ്ഥാനഭ്രഷ്ടരാക്കാനും തീരുമാനിച്ചു.

എന്നാൽ, അന്നത്തെ മാർപാപ്പാ ലിബേരിയൂസും പൊയ്തിയേഴ്സിലെ ഹിലരിയും ഇത് അംഗീകരിക്കാൻ കൂട്ടാക്കിയില്ല. ഈ സ്ഥിതിവിശേഷത്തെപ്പറ്റി വി. ജറോം എഴുതുന്നത് 'അന്നത്തെ മുഴുവൻ ലോകവും (ക്രിസ്തീയ) ആര്യൻ ആയിക്കഴിഞ്ഞു എന്നത് ഏവരെയും വിഷമിപ്പിക്കുകയും അതിശയിപ്പിക്കുകയും ചെയ്തു' എന്നാണ്. എന്നാൽ, ഈ ആര്യൻ ആശയം (വിശ്വാസം) സത്യവിരുദ്ധമായിരുന്നു എന്നുകൂടി അദ്ദേഹം കൂട്ടിച്ചേർക്കുകയാണ്. അതിനാൽ, നിഖ്യാസൂനഹദോസ് കഴിഞ്ഞ് 30 വർഷങ്ങൾ പിന്നിട്ടപ്പോഴേക്കും ക്രിസ്തീയ ലോകം നിഖ്യാവിശ്വാസത്തിൽനിന്ന് - യഥാർഥ വിശ്വാസത്തിൽനിന്ന് - വ്യതിചലിച്ച്, ആര്യൻ ആശയം സ്വീകരിച്ചുകഴിഞ്ഞിരുന്നു എന്നത് വിരോധാഭാസം തന്നെയാണ്. ഇതിന്റെ പ്രചാരകർക്ക് റോമാചക്രവർത്തി നൽകിയ പിന്തുണയാണ് ഇതിനു കാരണം. എന്നാൽ, ഇതു തെറ്റായിപ്പോയി എന്നു കാലം താമസിയാതെ തെളിയിച്ചു.

### പഴയ, പുതിയ നിഖ്യാക്കാർ

361 ൽ കോൺസ്റ്റാൻസിയൂസിന്റെ ബന്ധുവായ ജൂലിയൻ ചക്രവർത്തിയായി. തന്റെ മുൻഗാമിയെ വെറുത്തിരുന്ന ചക്രവർത്തി താമസിയാതെതന്നെ കോൺസ്റ്റാൻസിയൂസിന്റെ പല ബന്ധുക്കളെയും സുഹൃത്തുക്കളെയും വധിച്ചു. മാത്രവുമല്ല, അദ്ദേഹം ഇഷ്ടപ്പെട്ടിരുന്ന ക്രിസ്തുമതത്തെയും വെറുക്കാൻ തുടങ്ങി. ക്രിസ്തുമതത്തിനുപകരം ഒരു വിജാതീയമതം ജൂലിയൻ പ്രചരിപ്പിച്ചു. വിജാതീയമതപുരോഹിതരെ വാർത്തെടുക്കാൻ അദ്ദേഹം അതിനുള്ള സ്കൂളുകൾ സ്ഥാപിക്കുകയും ചെയ്തു. ഔദ്യോഗികമായ പ്രഖ്യാപനങ്ങളൊന്നും ക്രൈസ്തവർക്കെതിരേ ഉണ്ടായില്ലെങ്കിലും ഭരണകർത്താക്കളും കൂട്ടരും ക്രിസ്ത്യാനികൾക്കെതിരായിരുന്നു. പല ക്രിസ്ത്യാനികളും കൊല്ലപ്പെടുകയും ചില മെത്രാന്മാരെ നാടുകടത്തുകയും ചെയ്തു. പൗരസ്ത്യദേശത്തെയാണ് ഇതു കൂടുതലായി ബാധിച്ചത്. ക്രിസ്തുമതത്തിനെതിരേയുള്ള ചക്രവർത്തിയുടെ ഈ മനോഭാവം കാരണമാണ് ചരിത്രത്തിൽ അദ്ദേഹം 'വിശ്വാസത്യാഗിയായ (apostate) ജൂലിയൻ' എന്ന് അറിയപ്പെടുന്നത്. രണ്ടു വർഷത്തെ ഭരണശേഷം 363 ൽ പേർഷ്യക്കാർക്കെതിരേയുള്ള യുദ്ധത്തിൽ ടൈഗ്രീസ് നദീതാഴ്‌വരയിൽ വച്ച് അദ്ദേഹം കൊല്ലപ്പെട്ടു. മരണസമയത്ത് എന്നാൽ, അദ്ദേഹം ക്രിസ്തീയ വിശ്വാസം ഏറ്റുപറഞ്ഞു എന്നാണ് ചരിത്രം സാക്ഷ്യപ്പെടുത്തുന്നത്. കാരണം, അദ്ദേഹം അവസാനം പറഞ്ഞത് 'അല്ലയോ ഗലീലിയാ, നീ തന്നെ അവസാനം വിജയിച്ചിരിക്കുന്നു' എന്നായിരുന്നു.

തുടർന്ന് അധികാരത്തിൽ വന്ന ജോവിയൻ ചക്രവർത്തി (363-364) എല്ലാ മതങ്ങളോടും സഹിഷ്ണുത പുലർത്തിയിരുന്നെങ്കിലും ക്രിസ്തുമതത്തിനോടായിരുന്നു കൂടുതൽ താത്പര്യം. ഒന്നരവർഷംമാത്രം നീണ്ട ഭരണകാലത്ത് ചില വിജാതീയക്ഷേത്രങ്ങൾ അടച്ചുപൂട്ടാൻ അദ്ദേഹം നിർദേശം നൽകി. തുടർന്നു വന്ന വലന്റീനിയൻ ചക്രവർത്തി (364-365) ക്രിസ്ത്യാനിയായിരുന്നെങ്കിലും മതപരമായ കാര്യങ്ങളിൽ നിഷ്പക്ഷത പാലിക്കുകയാണു ചെയ്തത്. അതിനാൽ, വിജാതീയമതങ്ങളും പാഷണ്ഡതകളും അദ്ദേഹത്തിന്റെ കാലത്ത് രാജ്യത്ത് അനായാസം പ്രചരിച്ചു.

(തുടരും)

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ &
മാനേജിങ് ഡയറക്ടർ : ഫാ. സിറിയക് തടത്തിൽ
അസി. മാനേജർ : ഫാ. മാത്യു തെന്നാട്ടിൽ



ആഡംബരത്തിൽ മതിമറക്കരുത്; അതു നിന്നെ ദരിദ്രനാക്കും.

പ്രഭാഷകൻ 18:32

**എഡിറ്റോറിയൽ**

# നീതിയുടെ നിലവിളിയായി ഒരു നിയമഭേദഗതി

**വ**ഖഫ് നിയമഭേദഗതിയുടെ തീരുമാനത്തിലേക്കു ജനപ്രതിനിധികൾ എത്തുകയാണ്. പാർലമെന്റിന്റെ ഈ സെഷനിൽത്തന്നെ വഖഫ് ഭേദഗതി ബിൽ കൊണ്ടുവരുന്നതിനുള്ള ശ്രമം ഊർജിതമായി നടക്കുന്നുണ്ടെന്ന് കേന്ദ്രന്യൂനപക്ഷകാര്യമന്ത്രി കിരൺ റിജിജു വാർത്താസമ്മേളനത്തിലൂടെ അറിയിച്ചുകഴിഞ്ഞു. വഖഫ് ഭേദഗതി ബിൽ പാർലമെന്റിൽ അവതരിപ്പിക്കുമ്പോൾ ആശ്വാസത്തേക്കാളേറെ ആശങ്ക നിഴലിക്കുന്നുണ്ട്. മുന്നണികൾക്കിടയിലെ അഭിപ്രായവ്യത്യാസവും ചില രാഷ്ട്രീയപ്പാർട്ടികളുടെ സ്വാർഥപരമായ രാഷ്ട്രീയതാത്പര്യങ്ങളും നീതിക്കായുള്ള നിലവിളിയുടെ അടയാളമായ വഖഫ് ഭേദഗതിയെ നിശ്ശബ്ദമാക്കുന്ന തീരുമാനത്തിലേക്കു നയിക്കുമോ എന്ന ആശങ്കയാണ് മുനമ്പമുൾപ്പെടെയുള്ള ജനതയെ അലട്ടുന്നത്.

വഖഫ് നിയമഭേദഗതിയിൽ രാഷ്ട്രീയപ്പാർട്ടികളും ജനപ്രതിനിധികളും അന്തിമതീരുമാനമെടുത്തേ മതിയാവൂ. തീരുമാനത്തിൽ ഭരണഘടന അനുശാസിക്കുന്ന നീതിയുടെ പക്ഷത്ത് ഞങ്ങളുടെ ജനപ്രതിനിധികളെ കാണണമെന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. അനീതിയാൽ നയിക്കപ്പെടുന്ന പ്രതിനിധികൾ ഒരു ജനത്തിനും അഭിമാനമല്ല; അപമാനമാണെന്നത് നിസ്തർക്കമായ കാര്യമാണ്.

ഭരണഘടന ഉറപ്പുനൽകുന്ന നീതിക്കായുള്ള ഈ നിയമഭേദഗതിയിലൂടെ വഖഫ് നിയമം ഇല്ലാതാക്കണമെന്നല്ല, കൈയേറ്റാനുമതി നൽകുന്നതും ഭരണഘടനാപരിഹാരം നിഷേധിക്കുന്നതുമായ വകുപ്പുകൾ ഭേദഗതി ചെയ്യണമെന്നാണ് ആവശ്യപ്പെടുന്നത്. ഈ ആവശ്യം ഏതെങ്കിലും ഒരു സമുദായത്തിന്റെ അവകാശത്തിന്മേലുള്ള കടന്നുകയറ്റമല്ല; മറിച്ച്, വഖഫ് നിയമത്തിന്റെ അന്യായമായ വകുപ്പുകൾമൂലം ദുരിതമനുഭവിക്കുന്ന ആയിരക്കണക്കിനു ഹിന്ദു-ക്രിസ്ത്യൻ-മുസ്ലീം പൗരന്മാർ നേരിടുന്ന അനീതിക്ക് അന്ത്യം വരുത്തണമെന്നും ശാശ്വതമായ പരിഹാരമുണ്ടാകണമെന്നുമുള്ള നീതിയുടെ നിലവിളിയാണ്.

വഖഫ് നിയമഭേദഗതി ബിൽ പാർലമെന്റിൽ അവതരിപ്പിക്കുമ്പോൾ എല്ലാ എം.പി.മാരും നിഷ്പക്ഷവും ക്രിയാത്മകവുമായ സമീപനം സ്വീകരിക്കണമെന്നുള്ള കത്തോലിക്കാമെത്രാൻസമിതിയുടെയും ഭരണഘടനാനുസൃതമല്ലാത്തതും അന്യായവുമായ വകുപ്പുകൾ ഭേദഗതി ചെയ്യുന്നതിനനുകൂലമായി ജനപ്രതിനിധികൾ വോട്ടുചെയ്യണമെന്നുള്ള കേരളമെത്രാൻസമിതിയുടെയും ആഹ്വാനങ്ങൾ നീതിക്കായുള്ള ജനതയുടെ നിലവിളിയുടെ ഓർമപ്പെടുത്തലാണ്; കക്ഷിരാഷ്ട്രീയം മറന്ന് ജനപക്ഷത്തിനായി നീതിയുടെ ഭേദഗതിയിൽ അനുകൂലമായ നിലപാട് ജനപ്രതിനിധികൾ കൈക്കൊള്ളണമെന്ന ഓർമപ്പെടുത്തലാണ്.

രാജ്യത്തിന്റെ ഭരണരീതിക്കും നിയമനിർമാണത്തിനും ദിശാസൂചികയായ ഭരണഘടനയെയും ഭരണഘടന ഉയർത്തിപ്പിടിക്കുന്ന മൂല്യങ്ങളെയും അവകാശങ്ങളെയും സംരക്ഷിക്കുകയെന്നത് ഭരണാധികാരികൾകൂടിയായ ജനപ്രതിനിധികളുടെ ഉത്തരവാദിത്വമാണ്. നൈമിഷികവും സ്വാർഥവുമായ നേട്ടത്തിനുവേണ്ടി കൈക്കൊണ്ട അസ്തിത്വനിഷേധത്തിനു തുല്യമായ നിശ്ശബ്ദതയും നിസ്സംഗതയും ജനപ്രതിനിധികൾ കൈവെടിയണം. വഖഫ് നിയമഭേദഗതി ബിൽ വിരൽചൂണ്ടുന്നത് ഭൂമിയുടെ അവകാശത്തിന്മേലുള്ള അഭിപ്രായത്തിലേക്കുമാത്രമല്ല, ഭരണഘടനയുടെ അടിസ്ഥാനതത്ത്വങ്ങളായ മതേതരത്വം, സമത്വം, നീതി എന്നിവയിലേക്കു കൂടിയാണ്. വഖഫ് നിയമഭേദഗതി ബില്ലിൽ ജനപ്രതിനിധികൾ നിലപാടു സ്വീകരിക്കുമ്പോൾ 'ഭരണം' അല്ല ഭരണഘടന നിങ്ങളുടെ നയമായി മാറണം. അപ്പോൾ മാത്രമേ, ഭരണഘടനാവിരുദ്ധമായ വ്യവസ്ഥകൾ ഭേദഗതി ചെയ്യുന്നതിനും ഭരണഘടന ഉറപ്പുനൽകുന്ന മതന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നതിനുമായി നിലകൊള്ളാനാവൂ. രാഷ്ട്രീയപ്പാർട്ടിപ്രതിനിധിയായി ഈ നിയമഭേദഗതി ബില്ലിനെ സമീപിക്കാതെ, യഥാർഥ ജനപ്രതിനിധികളായി ഭരണഘടനാവകാശത്തിനും സംരക്ഷണത്തിനും അനുകൂലമായ നിലപാട് സ്വീകരിക്കുന്നവരാകണം ഓരോ ജനപ്രതിനിധിയും.

വഖഫ് നിയമഭേദഗതി ബിൽ പാർലമെന്റിൽ അവതരിപ്പിക്കുമ്പോൾ ഒരു ജനതയുടെ ആശങ്കകളെയെല്ലാം ആശ്വാസമാക്കി മാറ്റുന്ന സമീപനം ഭാരതത്തിലെ, പ്രത്യേകിച്ച് കേരളത്തിലെ എല്ലാ പാർലമെന്റംഗങ്ങളും എടുക്കുമെന്നു പ്രത്യാശിക്കാം. പിന്തുണ നിലപാടിന്റെ പ്രവൃത്തിയായി മാറുന്ന ദിനത്തിൽ കേരളത്തിലെ പാർലമെന്റംഗങ്ങളുടെ എണ്ണം പൂജ്യമാവാതെ, പൂർണമാകട്ടെ. ■

# നഷ്ടപ്പെടുത്തലുകൾ ഉണ്ടാകാതിരിക്കാൻ കൂടുതൽ ജാഗ്രത അനിവാര്യം : മാർ ജോസഫ് കല്ലറങ്ങാട്ട്

പാലാ: ലഹരിവസ്തുക്കളുടെ ഉപയോഗത്തിലൂടെ കുടുംബങ്ങളിലെ കെട്ടുറുപ്പു കുറഞ്ഞുപോകുകയാണെന്നും മാരകമായ വിപത്തുകൾ ഉണ്ടാകാതിരിക്കാൻ മാതാപിതാക്കളും സമൂഹവും കൂടുതൽ ജാഗ്രത പുലർത്തണമെന്നും മാർ ജോസഫ് കല്ലറങ്ങാട്ട്. കെ.സി.ബി.സി പ്രോലൈഫ്സമിതിയുടെ പ്രോലൈഫ്ദിനാഘോഷം മാർച്ച് 26 ന് പാലാ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു ബിഷപ്. ഗർഭപാത്രത്തിൽവച്ച് പിഞ്ചുകുഞ്ഞുങ്ങൾ വധിക്കപ്പെടുന്നതിനെയാണ് ആദ്യകാലങ്ങളിൽ പ്രോലൈഫ്പ്രവർത്തകർ എതിർത്തിരുന്നതെങ്കിൽ ഇന്ന് ജീവനെ ഹനിക്കുന്ന ശക്തികൾ പിടിമുറുക്കിയിരിക്കുന്നതിനാൽ പ്രോലൈഫ്പ്രവർത്തകരുടെ ജോലിയും ഉത്തരവാദിത്വവും പതിന്മടങ്ങ് വർധിച്ചിരിക്കുകയാണെന്ന് ബിഷപ് ഓർമിപ്പിച്ചു.



*കെ.സി.ബി.സി. പ്രോലൈഫ് സമിതിയുടെ പ്രോലൈഫ് ദിനാഘോഷം മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്യുന്നു. കെ.സി.ബി.സി പ്രോലൈഫ് സമിതി ചെയർമാൻ ബിഷപ് ഡോ. പോൾ ആന്റണി മുല്ലശ്ശേരി, കെ.സി.ബി.സി. പ്രോലൈഫ് ഡയറക്ടർ ഫാ. ക്ലീറ്റസ് കതിർപറമ്പിൽ, ജെയിംസ് ആഴ്ചങ്ങാടൻ, ജോൺസൺ ചൂരേപറമ്പിൽ, സാബു ജോസ്, ജെസ്ലീൻ ജോ, പാലാ രൂപത പ്രോലൈഫ് ഡയറക്ടർ ഫാ. ജോസഫ് നരിതൂക്കിൽ, ജോയിന്റ് ഡയറക്ടർ സി. മേരി ജോർജ് എഫ്.സി.സി, പ്രസിഡന്റ് മാത്യു എം. കുര്യാക്കോസ്, സെക്രട്ടറി ഡോ. ഫെലിക്സ് ജെയിംസ് എന്നിവർ സമീപം.*

കെ.സി.ബി.സി. പ്രോലൈഫ് സമിതി ചെയർമാൻ ബിഷപ് ഡോ. പോൾ ആന്റണി മുല്ലശ്ശേരി ചടങ്ങിൽ അധ്യക്ഷത വഹിച്ചു. വേദനകളുടെയും കിരാതമായ കൊലപാതകങ്ങളുടെയും കാലങ്ങൾ അവസാനിപ്പിക്കാൻ ഒന്നായി പരിശ്രമിക്കാമെന്ന് അധ്യക്ഷപ്രസംഗത്തിൽ അദ്ദേഹം ചൂണ്ടിക്കാട്ടി. പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടർ ഫാ. ജോസഫ് നരിതൂക്കിൽ ചടങ്ങിനു സ്വാഗതമാശംസിച്ചു. കെ.സി.ബി.സി പ്രോലൈഫ് ഡയറക്ടർ ഫാ. ക്ലീറ്റസ് കതിർപറമ്പിൽ, ജെയിംസ് ആഴ്ചങ്ങാടൻ, ജോൺസൺ ചൂരേപറമ്പിൽ, സാബു ജോസ്, ജെസ്ലീൻ ജോ എന്നിവർ ആശംസകൾ അർപ്പിച്ചു. ജീവന്റെ സമഗ്രസംരക്ഷണത്തിനായി പ്രവർത്തിച്ച ഫാ. ജോസ് കോട്ടയിൽ, ഡോ. കുര്യൻ മറ്റം, ജോയിസ് മുക്കുടം, സി. വനജ എസ്.എം.എസ്, സന്തോഷ് & മിനി മരിയസദനം, കുരുവിനാൽ പുന്നോലിൽ ടോമി & അമ്പിളി എന്നിവരെ പ്രത്യേകമായി അനുമോദിച്ചു. കെ.സി.ബി.സി. പ്രോലൈഫ് ട്രഷറർ ടോമി പ്ലാത്തോട്ടം നന്ദി അർപ്പിച്ചു.

രാവിലെ 8.45 ന് 2025 ലെ പ്രോലൈഫ് ആഘോഷപരിപാടികൾക്ക് ആരംഭം കുറിച്ചു. പാലാ രൂപത വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് പരിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നല്കി. പ്രോലൈഫ് എന്താണെന്നും പ്രോലൈഫ് പ്രവർത്തകരുടെ കടമകൾ എന്താണെന്നും ചൂണ്ടിക്കാണിക്കുന്ന ക്ലാസ്സുകൾക്കും ചർച്ചകൾക്കും ഡോ. ദേവ് കപ്പൂച്ചിൻ, ജോർജ് എഫ്. സേവ്യർ എന്നിവർ നേതൃത്വം നൽകി.

പാലാ രൂപത പ്രോലൈഫ് ഡയറക്ടർ ഫാ. ജോസഫ് നരിതൂക്കിൽ, ജോയിന്റ് ഡയറക്ടർ സി. മേരി ജോർജ് എഫ്.സി.സി, പ്രസിഡന്റ് മാത്യു എം. കുര്യാക്കോസ്, സെക്രട്ടറി ഡോ. ഫെലിക്സ് ജെയിംസ് എന്നിവരുടെ നേതൃത്വത്തിൽ 40 അംഗകമ്മിറ്റിയാണ് ചടങ്ങുകൾക്കുവേണ്ട ക്രമീകരണങ്ങൾ ചെയ്തത്.

ബാലനോവൽ **20**

അന്തിനാട് ജോസ്



# കൊട്ടാരക്കെട്ടിലെ ഉറങ്ങാത്ത രാവുകൾ

**കാ**ർഫിയൂസിന്റെ സൈന്യം കൊട്ടാരത്തിനു ചുറ്റും ഒരു വലയംതന്നെ തീർത്തു.കൊട്ടാരം കാവൽക്കാർ സ്വന്തം ആയുധങ്ങൾപോലും ഉപേക്ഷിച്ച് ജീവനുംകൊണ്ടോടി. ചിലരെ കൈയോടെ പിടിച്ച് പ്രജകൾതന്നെ കൈകാര്യം ചെയ്തു.

ഭടന്മാർ വാളുകളുമായി ദേവദത്തനെ പിടിക്കാൻ ഗോവണിയിലൂടെ കയറുമ്പോഴാണ് എല്ലാവരെയും അമ്പരപ്പിച്ചുകൊണ്ട് താഴേക്ക് എടുത്തുചാടിയത്.

എന്നാൽ, താഴെനിന്ന ജനക്കൂട്ടത്തിനിടയിലേക്കു വീഴുന്നതിനുമുമ്പുതന്നെ അവർ ദേവദത്തനെ കൈകളിൽ താങ്ങിയെടുത്തു.

"എടാ ദുഷ്ടാ, വഞ്ചകാ... സ്വന്തം അച്ഛനെ കൊന്ന നിന്നെ ഞങ്ങൾ ഇഞ്ചിഞ്ചായി കൊല്ലും." ജനം അലറിക്കൊണ്ടു പറഞ്ഞു.

പെട്ടെന്ന് ഭടന്മാർ ഓടിയെത്തി ദേവദത്തനെ ജനങ്ങളിൽനിന്നു മോചിപ്പിച്ച് തടവറയിലാക്കി. ഒപ്പം മന്ത്രവാദിയെയും...

തടവറയ്ക്കുമുമ്പിൽ ജനം തടിച്ചുകൂടി.

"ദേവദത്തനെയും മന്ത്രവാദിയെയും കൈകാലുകൾ വെട്ടി ഇഞ്ചിഞ്ചായി കൊല്ലണം." ജനം അലറി.

"കൊല്ലണം."

രാജ്യമെമ്പാടും ഒരു ഉത്സവത്തിന്റെ പ്രതീതിയായിരുന്നു. പ്രജകൾ നൃത്തംവച്ചും പന്തങ്ങൾ കൊളുത്തിയും സന്തോഷചിത്തരായി. നാട്ടിലും നഗരങ്ങളിലുമെല്ലാം കാർഫിയൂസിനെ വാഴ്ത്തിക്കൊണ്ടുള്ള സംഗീതങ്ങൾ ഉയർന്നു.

കൊട്ടാരത്തിനുമുമ്പിൽ തടിച്ചുകൂടിയ പ്രജകൾ അപ്പോഴും പിരിഞ്ഞുപോയില്ല. ജനം കൊട്ടാരത്തിലേക്ക് ഒഴുകിയെത്തിക്കൊണ്ടിരുന്നു.

കാർഫിയൂസ് കൊട്ടാരത്തിന്റെ മട്ടുപ്പാവിൽ കയറിനിന്നു. പെട്ടെന്ന് ജനം ഒന്നടങ്കം നിശ്ശബ്ദരായി. എല്ലാ കണ്ണുകളും കാർഫിയൂസിന്റെ മുഖത്തു തറഞ്ഞുനിന്നു.

സ്ഥാനഭ്രഷ്ടനായ ശേഷം തിരിച്ചെത്തിയ തിരുമേനി ആദ്യമായി പ്രജകളെ സംബോധനചെയ്യാൻ പോകുകയാണ്:

"നിങ്ങൾ ദയവായി ഇനി വീടുകളിലേക്കു പോകണം."

"ഇല്ല, കൊട്ടാരത്തിൽ കയറി മഹാരാജാവിനെ ദംശിച്ച ആ പാമ്പിനെക്കുറിച്ചും അതിനെ എങ്ങനെ മുറിക്കുള്ളിൽ എത്തിച്ചെന്നും ഞങ്ങൾക്കറിയണം."

"ഇനി നിങ്ങളുടെ ആഗ്രഹം എന്താണ്? നാം എല്ലാം പ്രജകളുടെ ഇഷ്ടംപോലെയേ പ്രവർത്തിക്കൂ."

''രണ്ടാമത്തെ ഞങ്ങളുടെ ആവശ്യം..."

"ദേവദത്തനെയും മന്ത്രവാദിയെയും തൂക്കിക്കൊല്ലണം."

"ശരി, നാം സമ്മതിച്ചിരിക്കുന്നു. മന്ത്രവാദിയെ കൊല്ലാൻ തൂക്കുമരം കൊട്ടാരസേവകന്മാർ ഒരുക്കിക്കൊണ്ടിരിക്കുകയാണ്. അയാൾ പിടഞ്ഞുമരിക്കുന്നത് അധികം താമസിയാതെ നിങ്ങൾക്കെല്ലാം കാണാം. എന്നാൽ, ദേവദത്തനെ എങ്ങനെ കൊല്ലണമെന്ന് ഞാൻ മേഘനാദനോടു ചോദിച്ചു. എന്റെ എല്ലാം മേഘനാദനും സോയൂസുമാണ്. എന്റെ എല്ലാ കഷ്ടതകളിലും അവർ വിശ്വസ്തരായി എന്നോടൊപ്പം നിന്നു. എനിക്കുവേണ്ടി ജീവൻ പണയംവച്ചും അവർ പോരാടി. ശത്രുവിന്റെ അമ്പേറ്റു. സോയൂസിന്റെ ഒരു കൈയ്ക്കു നല്ല സ്വാധീനമില്ല. അവരുടെ ഇഷ്ടപ്രകാരമാണ് ഈ രാജ്യത്തെ എല്ലാ കാര്യങ്ങളും നാം വർത്തിക്കുന്നത്."

കാർഫിയൂസ്‌രാജാവ് ഒന്നു നിർത്തി. അവിടുന്ന് കുറേനേരം എന്തോ ചിന്തിച്ചുശേഷം പറഞ്ഞു: "ദേവദത്തനെ കൊല്ലുന്നതിൽ എനിക്കു വിഷമമുണ്ട്. ഞങ്ങൾ രണ്ടുപേരും ഒരമ്മയുടെ മക്കളാണ്. ഒരച്ഛന്റെ മക്കളാണ്"

"തിരുമേനീ, ദേവദത്തനെ കൊല്ലുകതന്നെ വേണം." ജനം ഒന്നടങ്കം അലറി.

"നിർത്തൂ." സോയൂസ് കടന്നുവന്ന് പ്രജകളെ ശാന്തരാക്കാൻ ശ്രമിച്ചു.

കാർഫിയൂസ് തുടർന്നു: "ദേവദത്തനെ എങ്ങനെ കൊല്ലണമെന്ന് എന്നോടു മേഘനാദനും സോയൂസും ഉണർത്തിച്ചിട്ടുണ്ട്. അതനുസരിച്ച് ഇന്നു കൃത്യം നാലുമണിക്ക് മന്ത്രവാദിയെ കഴുമരത്തിൽ തൂക്കിക്കൊല്ലും. അതിനടുത്ത് ഒരു വലിയ ഒലിവുമരമുണ്ട്. ആ മരത്തിന്റെ ചുവട്ടിൽ വച്ച് ഒരു പ്രത്യേകരീതിയിൽ ദേവദത്തനെ എല്ലാവരുടെയും മുമ്പിൽ വച്ചു വധിക്കും."

അതുകേട്ട് ജനം ഒന്നടങ്കം ആഹ്ലാദംകൊണ്ട് തുള്ളിച്ചാടി.

അപ്പോൾ തെല്ലകലെ ഇതെല്ലാം കേട്ടുകൊണ്ട് ദേവദത്തനും ഒപ്പം മന്ത്രവാദിയും കിടന്നു. ദേവദത്തൻ ഇടയ്ക്കിടെ തടവറയിൽ കിടന്ന് അലറുകയും നിലവിളിക്കുകയും ചെയ്തുകൊണ്ടിരുന്നു.

പെട്ടെന്ന് എല്ലാവരെയും വിസ്മയഭരിതരാക്കിക്കൊണ്ട് ഒരു മനുഷ്യൻ മെല്ലെ കൊട്ടാരം ലക്ഷ്യമാക്കി നടന്നടുക്കുകയായിരുന്നു. അയാൾക്കുവേണ്ടി ജനം വഴി മാറിക്കൊടുത്തു.

അയാൾ നേരേ തടവറ ലക്ഷ്യമാക്കി നീങ്ങി.

(തുടരും)



## ശ്രേഷ്ഠമലയാളം



ഡോ. ഡേവിസ് സേവ്യർ

# ദാക്ഷിണ്യവും നിർദാക്ഷിണ്യവും

**ദ**ക്ഷിണൻ എന്ന പദത്തിനു സാമർഥ്യമുള്ളവൻ, വിവേകമുള്ളവൻ, സത്യസന്ധതയുള്ളവൻ എന്നെല്ലാമാണർഥം. ദക്ഷിണന്റെ അഥവാ സമർഥന്റെ ഭാവമാണ് ദാക്ഷിണ്യം. 'ദക്ഷണസ്യ ഭാവം ദാക്ഷിണ്യം'* എന്നു നിരുക്തി. ഒരു കണക്കിൽ, അന്യന്റെ ഇഷ്ടത്തിനു പ്രാധാന്യം കല്പിക്കുന്ന ശീലമാണത്. അലിവുള്ള മനഃസ്ഥിതി എന്നും പറയാം. അങ്ങനെയാവണം ദയ എന്ന പൊരുളും ദാക്ഷിണ്യത്തിനു വന്നുചേർന്നത്. 'ഹാ! കാലാഭിഭവം വെടിഞ്ഞനുപദം പൊങ്ങുന്ന ദാക്ഷിണ്യമേ!''** (ശ്ലോകം 44) എന്നു മഹാകവി കുമാരനാശൻ പ്രയോഗിച്ചതും മറ്റുള്ളവരോട് അനുഭാവപൂർവം പെരുമാറലാണ് ദാക്ഷിണ്യം എന്ന വിവക്ഷിതത്തിലാണല്ലോ.

ദാക്ഷിണ്യം എന്ന ശബ്ദത്തോട് നിർ എന്ന ഉപസർഗം ചേർത്താൽ നിർദാക്ഷിണ്യം എന്ന നിഷേധരൂപം നിഷ്പന്നമാകും. ദാക്ഷിണ്യമില്ലാതെ, ദയയില്ലാതെ, മര്യാദയില്ലാതെ എന്നെല്ലാമാണ് അർഥം. (ആതെ നിഷേധാർഥം സൂചിപ്പിക്കുന്നു. മറുവിനയെച്ചപ്രത്യയമാണ്.) ദയയില്ലായ്മയ്ക്കും നിർദാക്ഷിണ്യം എന്നു പറയുന്നതിൽ തെറ്റില്ല. ഇത്രയും കാര്യങ്ങൾ ഗ്രഹിക്കാതെ നിർദാക്ഷിണ്യം എന്ന നിഷേധരൂപം വാക്യത്തിൽ പ്രയോഗിച്ചാൽ എങ്ങനെയിരിക്കും? മാതൃഭൂമി ആഴ്ചപ്പതിപ്പിൽ അക്ഷരം പ്രതി എന്ന പംക്തി കൈകാര്യം ചെയ്യുന്ന കെ.സി. നാരായണൻ വ്യക്തമാക്കിയതു നോക്കുക: "നിർദാക്ഷിണ്യമില്ലാതെ മനുഷ്യരെ കൂട്ടക്കുരുതി നടത്തി. ദാക്ഷിണ്യം എന്നാൽ ദയ എന്നർഥം. നിർദാക്ഷിണ്യം എന്നാൽ ഒരു ദയയും ഇല്ലായ്മ എന്നും. ഒന്നുകിൽ ദാക്ഷിണ്യമില്ലാതെ മനുഷ്യരെ കൂട്ടക്കുരുതി നടത്തി എന്നുപറയാം. അതല്ലെങ്കിൽ നിർദാക്ഷിണ്യം കൂട്ടക്കുരുതി നടത്തി എന്നുമാവാം. രണ്ടും ശരിയാണ്. എന്നാൽ, ഇതുരണ്ടുമല്ലാതെ, മനുഷ്യരെ 'നിർദാക്ഷണ്യമില്ലാതെ' കൂട്ടക്കുരുതി നടത്തി എന്നു പറഞ്ഞാൽ എന്താവും അർഥം? ഒരു ഭയവുമില്ലാതെ, ഒരു ക്രൂരതയും കൂടാതെ, മനുഷ്യരെ വളരെ ദയാവായ്പോടെ കൊന്നുതള്ളി എന്നാവും. കഷ്ടം! അടിസ്ഥാനമലയാളംപോലും ശ്രദ്ധിക്കാത്ത ചാനൽമലയാളം."*** ചാനലുകാർക്ക് ഇന്നവിധത്തിലേ മലയാളം പറയാവൂ എന്നു വ്യവസ്ഥയൊന്നുമില്ലല്ലോ എന്നോർത്തു സമാധാനിക്കാം!

* രാജഗോപാൽ, എൻ.കെ. സംസ്കൃതനിരുക്തകോശം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1999, പുറം –111.

** ഭാസ്കരൻ, ടി. പ്രരോദനം, (പ്രദ്യോതിനി വ്യാഖ്യാനം), വ്യാഖ്യാനവും സമ്പാദനവും കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2000, പുറം – 43.

*** നാരായണൻ, കെ.സി., അക്ഷരംപ്രതി, മാതൃഭൂമി ആഴ്ചപ്പതിപ്പ്, 2024 ഒക്ടോബർ 27, ലക്കം 32, പുറം – 93.

കവിത

അശോകൻ പുത്തൂർ


# മഞ്ഞുമൂടിപ്പരക്കും മകരംപോൽ

വാക്കുപൂക്കും കടവിലന്നാദ്യമായ്
കണ്ടനാളുകൾ ഓർക്കുന്നുവോ സഖി
കടലിരമ്പംപോലെയാ ഓർമ്മകൾ
കരളിൽ കോർത്തു വലിക്കുന്നു നിത്യവും

കാലമേറെ കഴിഞ്ഞുവെന്നാകിലും
ഒന്നുതേച്ചു മിനുക്കാൻ മുതിരുകിൽ
വൈരംപോലെ തിളങ്ങിടും മുദ്രകൾ
പ്രാണനിൽ കോർത്ത പ്രണയമാം മുത്തുകൾ

നമ്മളെന്നോ മറന്നതാം വീഥികൾ
നമ്മെ വീണ്ടും വിളിപ്പതായ് തോന്നിയോ
കനവിലാരോ കുറുകുന്നു മുഗ്ധമായ്
കാറ്റുലയ്ക്കുന്ന ചെമ്പകച്ചില്ലപോൽ

ദൂരെ ദൂരെയായ് സങ്കടക്കടലിലായ്
ചിറകു നീർത്തുന്നു ഓർമ്മതൻ പക്ഷികൾ
മഞ്ഞുമൂടിപ്പരക്കും മകരംപോൽ
നെഞ്ചുമൂടി പടരുന്നു നിൻ മുഖം



നോവൽ 10

# കാറ്റിന്റെ മർമരങ്ങൾ

സൂസൻ പാലാത്ര

**ബാ**ല്യകാലസംഭവങ്ങൾ ഓർമയിൽക്കിടന്ന് ഊയലാടുകയാണ്.

ലിസി വല്യമ്മച്ചി കാണാതെ, ഇരിമ്പപ്പുളിച്ചോട്ടിലൂടെയുള്ള കുത്തുകയ്യാല കയറി റബർത്തോട്ടത്തിലേക്കു പ്രവേശിച്ചു. വല്യമ്മച്ചി കണ്ടാൽ 'വിടുപണി' മുഴുവൻ ചെയ്യിക്കും. കൊച്ചമ്മ കണ്ടാൽ തന്നെ കാണിച്ചുകൊടുത്തിട്ട് മര്യാദഭാവേന നടക്കും, 'ഞാനൊന്നുമറിഞ്ഞില്ലേ രാമനാരായണാ' മട്ടിൽ.

വിശന്നിട്ട് കണ്ണുകാണുന്നില്ല. കാരാണിക്കാരുടെ പച്ചതീനിമാവിന്റെ ചോട്ടീന്ന് ഇഷ്ടംപോലെ പച്ചമാങ്ങയും ഒന്നോ രണ്ടോ മാമ്പഴവും കിട്ടും.

പച്ചതീനി, പേരുപോലെ പച്ചയ്ക്കു തിന്നാവുന്ന മാങ്ങയാണ്. മാമ്പഴം അത്ര രസമല്ല, തിന്നാൻ. കട്ടിത്തൊലിയാണ്. മധുരവും കുറവാണ്.

പച്ചമാങ്ങ തിന്നതിന്റെ ബാക്കി അമ്മച്ചിക്കു കൊടുത്താൽ ഉള്ളിയും പച്ചമുളകും തേങ്ങയും ചേർത്ത് ചെറുതായി അരിഞ്ഞ് കറിവേപ്പിലയുമിട്ട് തോരൻ വച്ചുതരും. ആ തോരൻ കൂട്ടി എത്ര ചോറു വേണേലും ഉണ്ണാം. പുളി കുറവായതിനാൽ എല്ലാരും ആ മാങ്ങാത്തോരൻ കൂട്ടും.

തറവാട്ടുപറമ്പിൽ കോമാവും കിളിച്ചുണ്ടനുമൊക്കെയുണ്ട്. മാഞ്ചോട്ടിൽ വീണുകിടക്കുന്ന മാമ്പഴങ്ങൾപോലും പെറുക്കിയെടുക്കാൻ അവകാശമില്ല. റബർത്തോട്ടത്തിൽ നിറയെ നെല്ലിക്കയുമായി നന്നായി കായ്ക്കുന്ന നെല്ലിമരമുണ്ട്. പറിച്ചെടുക്കാൻ മാർഗമില്ല. കൈയെത്തുന്നിടത്തെ കമ്പുകളൊക്കെ മുറിച്ചു മാറ്റിയിരിക്കുന്നു.

ഈ സങ്കടം അമ്മച്ചിയോടു പറഞ്ഞപ്പോൾ അമ്മച്ചി ആശ്വസിപ്പിച്ചതിങ്ങനെയാണ്:

"ഒട്ടകം സൂചിക്കുഴയിലൂടെ കടക്കുന്നതുപോലെയാണ് ധനവാൻ സ്വർഗത്തിൽ കയറുന്നതെന്ന് കർത്താവു പറഞ്ഞിട്ടുണ്ട്. എന്റെ മക്കടെ നരകം ഈ ബാല്യകാലത്തു തീരട്ടേ, പിന്നങ്ങോട്ടു സ്വർഗംതന്നെയാ, ഈലോകത്തിലും മേലുള്ള ലോകത്തിലും." മുള്ളനാക്കുഴിവക പുരയിടത്തിൽ രണ്ടുമൂന്നു വലുപ്പംകുറഞ്ഞ നെല്ലിമരങ്ങളുണ്ട്. നിറയെ മുഴുത്ത നെല്ലിക്കകളുമുണ്ട്. കമ്പുകൾ ചായിച്ച് കുറേ പറിച്ചെടുത്തു, തിന്നപ്പോൾ ചവർപ്പ്. നെല്ലിക്കാക്കുരു വായിലിട്ട് കടിച്ചുപൊട്ടിച്ചു. വെറുതേ ചവച്ചു തുപ്പിക്കളഞ്ഞു. മൂപ്പായിട്ടില്ല. ആർത്തിയില്ലാത്ത മുള്ളനാക്കുഴിക്കാർ ചുവട്ടിലെ കമ്പുകൾ വെട്ടിക്കളയാത്തതിനാൽ നെല്ലിക്ക മൂക്കുമ്പോൾ യഥേഷ്ടം പറിച്ചെടുക്കാം.

ഉടുത്തിരുന്ന നീളൻപാവാടയിൽ കൂട്ടിപ്പിടിച്ചിരുന്ന മാങ്ങകളെല്ലാം രണ്ടു മൂന്നു വട്ടയിലയിലായി പൊതിഞ്ഞെടുത്തു.

റബർത്തോട്ടത്തിൽനിന്ന് ചെറിയ ചുള്ളിക്കമ്പുകൾ പെറുക്കി അടുക്കിയെടുത്തു. അമ്മച്ചിക്ക് അടുപ്പിൽ കത്തിക്കാൻ കൊടുക്കാം. റബർക്കായ്കൾ പൊട്ടുന്ന സമയമായാൽ ചാക്കുകണക്കിനു റബർത്തോടുകൾ പെറുക്കി അമ്മച്ചിക്ക് കൊടുക്കാറുണ്ട്.

റബർത്തോട്ടത്തിന്റെ ചെരുവിലൂടെ നടക്കുന്നത് അവൾക്കിഷ്ടമാണ്. മനോഹരമായ നീലാകാശം അടുത്തായതുപോലെ തോന്നും.

പാമ്പുകളെയും കാണാറുണ്ട്. അതിനാൽ റബറില മൂടിക്കിടക്കുന്ന റബർക്കുഴികളിൽ അവൾ ഇറങ്ങാറില്ല.

വല്യപ്പച്ചൻ, പ്രിയപ്പെട്ട മകൻ ബേബിച്ചനും മക്കളും അനുഭവിക്കുന്ന ദാരിദ്ര്യത്തെക്കുറിച്ച് അറിയാതെ പോകുന്നതിൽ വിഷമം തോന്നിയ അയൽക്കാരനായ ഈപ്പച്ചൻ, ചെവിക്കു കേൾവിക്കുറവുള്ള വല്യപ്പച്ചനോടു പറഞ്ഞു: "നമ്മുടെ ബേവിച്ചൻ വല്ലാതെ ഞെരുങ്ങുന്നു, തിന്നാറായ ഏഴു കുഞ്ഞങ്ങളില്ലേ, അപ്പാപ്പൻ എന്തെങ്കിലും കണ്ടറിഞ്ഞു ചെയ്യണം, അതുങ്ങള് രക്ഷപ്പെടട്ടേ."

സംസാരം തുടരാൻ മറിയക്കുട്ടിക്കൊച്ചമ്മ അനുവദിച്ചില്ല. "അപ്പച്ചന് ഒരു അറ്റാക്ക് കഴിഞ്ഞതാണ്. ഇതൊന്നും എഴുന്നെള്ളിക്കാതെ വേറെ എന്തേലുമൊക്കെ പറഞ്ഞുകേപ്പിക്ക്!

എന്തിനേറെ കൊച്ചുപ്പാപ്പനും വല്യമ്മച്ചിയുംകൂടെ ഈ സംഭവം പറഞ്ഞ് ഈപ്പച്ചനോടു വഴക്കുണ്ടാക്കി, ഈപ്പച്ചനെ പിണക്കിയയച്ചു.

തോട്ടത്തിന്റെ തെക്കേ അതിർത്തിയിൽ കുമരിയുടെ വീട്ടുകാരാണു താമസം. സത്യം പറഞ്ഞാൽ, അവരെ കാവലിനേല്പിച്ചിരിക്കുന്നതാണ്. അവർക്ക് യഥേഷ്ടം ചക്കയിറുത്തെടുക്കാൻ നിറയെ കായ്ഫലങ്ങളുള്ള രണ്ടു പ്ലാവുകൾ കൊടുത്തിട്ടുണ്ട്.

റോയിച്ചായൻ പറഞ്ഞു: "അച്ചാച്ചാ, ആ കണ്ണാറേലെ ഒരു പ്ലാവ് ചോദിക്ക്, കുമരിക്ക് രണ്ടു പ്ലാവിലെ ചക്കയെടുക്കാം. സ്വന്തം മക്കളായ നമുക്കെന്തായിങ്ങനെ?"

അപ്പൻ പറഞ്ഞു: "എല്ലാരുടെയും തല തിരിച്ചിട്ടിരിക്കുകയാ, ആ കെഴക്കന്മാര്, നമ്മൾ ചോദിച്ചാൽ പെറ്റമ്മപോലും ഒപ്പം നിക്കില്ല മകനേ."

"ഒരിക്കൽപോലും ഹൃദയസ്തംഭനം വന്നിട്ടില്ലാത്ത അപ്പാപ്പനെ ദാ എല്ലാരുംകൂടെ ഹാർട്ട് പേഷ്യന്റാക്കിയിരിക്കുകയാ. അവകാശങ്ങൾ പിടിച്ചുവാങ്ങാൻ അപ്പനും കഴിവില്ല." കൂടുതൽ പറയാതെ അപ്പന്റെ കൈയിലെ തല്ല് ഉറപ്പാണെന്നു മനസ്സിലാക്കിയായ റോയിച്ചായൻ എളുപ്പം സ്ഥലം കാലിയാക്കി.

അമ്മ പിറുപിറുത്തു: "ഇതൊക്കെ ചത്തുതൊലഞ്ഞാൽ മണ്ണിലലിയാതെ ആ കെടപ്പങ്ങു കെടക്കും."

ലിസിക്ക് തറവാട്ടുകാരോടുള്ള ദേഷ്യം നുരഞ്ഞുപൊന്തി. ഇനി ഇങ്ങു വരട്ടേ, കോരാൻ വിളിച്ചാൽ താനും തന്റെ പട്ടിയുംകൂടെപ്പോലും പോവില്ല. വെള്ളം വലിച്ചുകയറ്റാനും തുപ്പൽകോളാമ്പി തേപ്പിക്കാനും കയ്യാലപ്പുറത്തെ പുല്ലു പറിപ്പിക്കാനും മെതിച്ചരടിലെ മുളകുമണികൾ പെറുക്കിക്കാനും ഒക്കെ നാണംകെട്ട വർഗത്തിന് ബേബിച്ചന്റ പെൺമക്കൾ വേണം.

ഇനി അവരെ പേടിച്ച് ഒളിച്ചും പാത്തും പതുങ്ങിയും നടക്കില്ല. നേരേ മുന്നിലൂടെ നടക്കണം. എന്നിട്ട് കൂലിയില്ലാവേല ചെയ്യാൻ വിളിച്ചാൽ തീർത്തങ്ങു പറയും എനിക്കു മേലായെന്ന്.

ലിസി ഒരുകെട്ട് കാക്കച്ചുള്ളിയും അതിനുമീതേ വട്ടയിലയിൽ പൊതിഞ്ഞ വാട്ടമാങ്ങകളുമായി തറവാട്ടിലെ പിൻമുറ്റത്തുകൂടെ നടന്നു.

അപ്പോൾ ഒരു തേങ്ങൽ കേൾക്കാം. വല്യപ്പച്ചന്റെ സ്വരമാണ്: "കേട്ടോ, എനിക്കൊന്നു വെളിക്കിറങ്ങണം."

വല്യപ്പച്ചൻ വല്യമ്മച്ചിയെ അങ്ങനെയാ വിളിക്കാറ്, 'കേട്ടോ' എന്ന്.

വല്യമ്മച്ചിയുടെ പ്രാണനനാണ് വല്യപ്പച്ചൻ. എന്നിട്ടും ഉച്ചത്തിൽ ശകാരിക്കുന്നു.

"കേട്ടു, കേട്ടു, ആമ്മക്കളൊത്തിരിയില്ലേ, എത്രയെണ്ണം വരുന്നുണ്ട് വെളിക്കിറക്കാൻ. എനിക്കു തള്ളാമ്പറ്റ്വോ. ഞാമ്പിടിച്ചിരുത്താം."



ലിസി മാറിനിന്നു വീക്ഷിച്ചു.

വല്യമ്മച്ചി വളരെ കഷ്ടപ്പെട്ട് വല്യപ്പച്ചനെ പര്യമ്പുറത്തെ തിണ്ണയിലെ നടുഭാഗം വട്ടം മുറിച്ച കസേരയിലിരുത്തി, ഓടിന്റെ ഒരു വലിയ വട്ടക്കോളാമ്പിയും കസേരക്കീഴിൽ വച്ചു. മലവിസർജ്യമെടുക്കാൻമാത്രമുള്ളതാണ് ആ വട്ടക്കോളാമ്പി.

തുപ്പാൻ ഫ്ളവർവേസുപോലെ, തേച്ചുമിനുക്കി മനോഹരമാക്കിയ ഓട്ടുകോളാമ്പികളുണ്ട്. അതിൽ നിറയ്ക്കുന്ന കഫവും മുറുക്കാൻചാറുമെല്ലാം ഒരുളുപ്പുമില്ലാതെ വല്യമ്മച്ചി അവളെക്കൊണ്ട് കഴുകിക്കാറുണ്ട്. ചെയ്യില്ലായെന്ന് എതിർത്തു പറയാനോ സൂത്രം പ്രയോഗിച്ച് തന്ത്രപൂർവം ഒഴിഞ്ഞുമാറാനോ ലിസിക്കു വശമില്ല. കാരണം, അവൾ സാധുവായ ബേബിച്ചന്റെ മകളാണ്. അവളുടെ തലതൊട്ടമ്മയാണെങ്കിൽ ആരെന്തു പറഞ്ഞാലും അനുസരിക്കാൻമാത്രം പഠിച്ച ഒരു പാവമാണ്. പിന്നെ മനസ്സിൽ പിരാകാൻമാത്രം അറിയാം. അതവൾ മുട്ടില്ലാതെ ചെയ്യുന്നുണ്ട്.

വല്യപ്പച്ചൻ വെളിക്കിറങ്ങുകയാണ്. എന്തൊരു നാറ്റമാണ്. നേരേ പോകാനും വയ്യ. കുത്തുകയ്യാലകളിറങ്ങിപ്പോയാ മതിയായിരുന്നു. ഇതിപ്പം ഇനി ഈ വിസർജ്യം നിറഞ്ഞ വട്ടക്കോളാമ്പിയും വല്യമ്മച്ചി കഴുകിക്കും.

വീട്ടീന്നു രാവിലെ ഒരു ഗോതമ്പുദോശ തിന്നിട്ടിറങ്ങിയതാണ്. വിശന്നിട്ടു കണ്ണു കാണാൻ വയ്യാ.

വല്യമ്മച്ചിയെ കാണാതെ ഒളിച്ചുപോകാൻ ലിസി ശ്രമിച്ചു.

വല്യമ്മച്ചിയുടെ വിലാപം:

"അയ്യോ അപ്പാപ്പാ, വീഴല്ലേ, എന്റെ കൈയിമ്മേ മുറുക്കെപ്പിടിച്ചോ ഞാനൊന്നു കഴുകിക്കട്ടേ."

വല്യമ്മച്ചി വെള്ളമെടുത്തു. വല്യപ്പച്ചൻ മൂക്കുകുത്തിവീണു. വല്യപ്പച്ചന്റെ തേങ്ങൽശബ്ദം, വല്യമ്മച്ചിയുടെ ഉച്ചത്തിലുള്ള അട്ടഹാസം: "യ്യോ, ദൃഷ്ടി കുമ്പിട്ടുപോയോ."

ലിസി ഓടിച്ചെന്ന് വല്യപ്പനെ ആവുന്നത്ര ശക്തിയിൽ എടുത്തുയർത്താൻ ശ്രമിച്ചു. വല്യപ്പച്ചന് നല്ല കനമുണ്ടെന്നവൾക്കു തോന്നി. കണ്ടാൽ എല്ലും തോലുമായെങ്കിലും. ഇത്തിരിപ്പോന്ന ലിസി വല്യപ്പച്ചനെ താങ്ങാനാവാതെ നിന്നു കിതച്ചു.

വല്യമ്മച്ചി വല്യപ്പച്ചനെ വളരെ വൃത്തിയായി കഴുകിത്തുടച്ചു. ലിസിയും വല്യമ്മച്ചിയുംകൂടെ അപ്പച്ചനെ തളത്തിൽ വിരിച്ചിട്ട കട്ടിലിൽ കിടത്തി.

കട്ടിലിൽ വല്യപ്പച്ചനു പിടിച്ചിരിക്കാൻ തുണികൊണ്ട് ഊഞ്ഞാൽപോലെ കെട്ടിയ ഒരു വളയമുണ്ട്. അതിൽ കൈപിടിച്ചിരുന്നാൽ ദൃഷ്ടി കുമ്പിട്ടു താഴെ വീഴില്ല.

അങ്ങനെയിരിക്കുന്ന സമയത്താണ് വല്യപ്പച്ചന് മുഷിച്ചിൽ വരാതിരിക്കാൻ പ്രാർഥനകൾ ചൊല്ലിക്കൊടുക്കുന്നതും പത്രം വായിച്ചുകൊടുക്കുന്നതുമൊക്കെ.

വല്യമ്മച്ചി തക്കത്തിൽ സമയമുപയോഗിച്ചു:

"എന്റെ മാനാ കോളാമ്പീലെകൊണ്ട് കക്കൂസിലൊഴിച്ചിട്ട് പടിഞ്ഞാറേ പറമ്പിലിട്ട്, ഇച്ചിരെ മണലും ചാരവുംകൂടെയിട്ടു തേച്ചിട്ട് വെയിലത്തോട്ടു വച്ചേ."

ഒരു സ്വപ്നത്തിലെന്നവണ്ണം അവൾ എല്ലാം കിറുകൃത്യമായി ചെയ്തു. അവക്ക് ഓക്കാനം വന്നു. കുറേ പിത്തവെള്ളം ഛർദിച്ചു. കൈകൾ എത്ര തവണ കഴുകിയിട്ടും അറപ്പു മാറുന്നില്ല. അവൾ തന്റെ വീട്ടിലേക്കോടി.

"ഇച്ചാച്ചാ, വല്യപ്പച്ചനു മേലാ, വല്യമ്മച്ചി കരയുകേം പറയുകേം ചെയ്യുന്നു."

അമ്മച്ചി പറഞ്ഞു: "വാ ഇച്ചാച്ചാ, നമ്മക്കൊന്നു പോയി നോക്കാം."

അങ്ങനെ വല്യപ്പച്ചന്റെ കാര്യത്തിന് ഒരു തീരുമാനമായി. എന്നും രാവിലെ ചെന്ന് വല്യപ്പച്ചനെ വെളിക്കിരുത്തി കഴുകിച്ച്, പല്ലുതേപ്പിച്ച്, പച്ചയീർക്കിൽകൊണ്ട് നാക്കുവടിപ്പിച്ച്, ചൂടുവെള്ളത്തിൽ തുടപ്പിച്ച് സുന്ദരനാക്കി അപ്പൻ കിടത്തും.

വട്ടയ്ക്കാപ്പറമ്പിലെ ചാക്കോച്ചൻ ദുബായീന്നു വന്നിട്ടുണ്ട്. അമ്മയുടെ ജ്യേഷ്ഠത്തിയുടെ മകൻ. വലിയ പത്രാസുകാരാണ്. അവരുടെ സഹായം പറ്റുന്ന നാട്ടുകാരിൽ പലരും പറയുന്നു, അവർ ശുദ്ധഹൃദയരും നല്ലവരുമാണെന്ന്. ആ വീട്ടിലെ എല്ലാ മക്കളും ദുബൈയിലാണ്.

പത്തമ്പലത്തു പുതുതായി പണിത പള്ളിക്ക് ആ വീട്ടിലെ എല്ലാവരുംകൂടെച്ചേർന്ന് ഭീമമായ ഒരു തുക സംഭാവന നല്കി. അതുകൊണ്ട്, പള്ളിക്കാർക്കും പ്രമാണികൾക്കും പ്രാർഥനാഗ്രൂപ്പുകൾക്കുമൊക്കെ അവരെ വലിയ മതിപ്പാണ്. വട്ടയ്ക്കാപ്പറമ്പിലെ അമ്മച്ചിയുടെ സ്വന്തം അനുജത്തിയായ തന്റെ അമ്മയെ ഉള്ളറിഞ്ഞു സഹായിക്കാൻ അവരും ശ്രമിച്ചില്ല.

*ശേഷം 13-ാം പേജിൽ*

# കലാലയരാഷ്ട്രീയത്തിന് സർക്കാർ കുടപിടിക്കുമ്പോൾ

*1-ാം പേജ് തുടർച്ച*

കോടതികൾക്കുപോലും ഇടപെടാനാവാത്തവിധം നിയമനിർമാണത്തിലൂടെ ഉന്നതവിദ്യാഭ്യാസ മേഖലയുടെ നിയന്ത്രണം, പണം മുടക്കി സ്ഥാപനങ്ങൾ നടത്തുന്ന മാനേജ്മെന്റുകളെപ്പോലും നോക്കുകുത്തികളാക്കി വിദ്യാർഥി രാഷ്ട്രീയസംഘടനകൾക്കും അവരുടെ നേതാക്കൾക്കും രാഷ്ട്രീയാഭിമുഖ്യമുള്ള അധ്യാപകസംഘടനകൾക്കും തീറെഴുതിക്കൊടുക്കുന്ന നിയമനിർമാണത്തിന്റെ പ്രത്യാഘാതങ്ങൾ ഭാവിയിൽ വളരെ വലുതായിരിക്കും. കലാലയരാഷ്ട്രീയത്തിന്റെ അതിപ്രസരം സൃഷ്ടിക്കുന്ന സമരമുഖങ്ങളും അക്രമപരമ്പരകളും കൊലപാതകങ്ങളും ഇപ്പോൾത്തന്നെ പുതുതലമുറയുടെ ജീവനും ജീവിതത്തിനും വെല്ലുവിളി ഉയർത്തുമ്പോൾ രാഷ്ട്രീയപ്പാർട്ടികളുടെ ചട്ടുകങ്ങളും ഉപകരണങ്ങളുമായി വിദ്യാർഥിരാഷ്ട്രീയസംഘടനകൾക്കു നിയമനിർമാണത്തിലൂടെ അംഗീകാരം നൽകിയാലുള്ള അവസ്ഥ ഉന്നതവിദ്യാഭ്യാസമേഖലയെ കൂടുതൽ അരക്ഷിതാവസ്ഥയിലേക്കു നയിക്കും. തീവ്രവാദ സംഘങ്ങൾക്കും ലഹരിമാഫിയകൾക്കും ഭീകരവാദഗ്രൂപ്പുകൾക്കും കലാലയങ്ങളിലേക്കു നുഴഞ്ഞുകയറാനും താവളങ്ങൾ സൃഷ്ടിക്കാനുമുള്ള ലൈസൻസായി പുതിയ നിയമഭേദഗതിയിലെ ഈ വകുപ്പുകൾ വഴിതുറക്കുമെന്നുറപ്പ്.

**സ്വകാര്യത്തിലും രാഷ്ട്രീയ അജണ്ട**

കേരള സംസ്ഥാന സ്വകാര്യ സർവകലാശാലകൾ (സ്ഥാപനവും നിയന്ത്രണവും) ബിൽ 2025 ലും സമാനമായ നിയമങ്ങൾ എഴുതിച്ചേർത്തിട്ടുണ്ട്. നിലവിൽ പുറത്തുവിട്ട ബില്ലിലെ 29, 30, 31 വകുപ്പുകളിൽ സ്റ്റുഡന്റ്സ് കൗൺസിൽ, വിദ്യാർഥികളുടെ അവകാശങ്ങൾ, വിദ്യാർഥികളുടെ പരാതികൾ എന്നിവ ഉൾക്കൊള്ളിച്ചിട്ടുണ്ട്. 30-ാം വകുപ്പ് പ്രത്യേകമായി പഠനവിഷയമാക്കേണ്ടതാണ്. 30 (1) ൽ ഓരോ വിദ്യാർഥിക്കും സ്റ്റാറ്റിയൂട്ടുകളാൽ നിർണയിക്കപ്പെടാവുന്ന നിർദിഷ്ട അവകാശങ്ങൾ ഉണ്ടായിരിക്കുന്നതാണ്.' 30(2)ൽ 'വിദ്യാർഥികളുടെ അവകാശങ്ങൾ പ്രോത്സാഹിപ്പിക്കാനും സംരക്ഷിക്കാനും സർവകലാശാലയ്ക്കു ബാധ്യതയുണ്ടായിരിക്കുന്നതാണ്'. 30(3)ൽ 'ഒരു വിദ്യാർഥി യൂണിയൻ ഉണ്ടായിരിക്കേണ്ടതും അതിന്റെ ഘടനയും അധികാരങ്ങളും ചുമതലകളും സ്റ്റാറ്റിയൂട്ടുകളാൽ നിർണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കേണ്ടതുമാണ്.

ചുരുക്കിപ്പറഞ്ഞാൽ, സ്വകാര്യ സർവകലാശാലകളുടെ സമ്പൂർണനിയന്ത്രണം കാലക്രമേണ വിദ്യാർഥി-അധ്യാപക യൂണിയനുകൾക്കും രാഷ്ട്രീയനേതൃത്വങ്ങൾക്കുമായിരിക്കും. രാജ്യത്ത് സ്വകാര്യസർവകലാശാല ആരംഭിക്കാൻ തുടങ്ങുന്ന 28-ാമത്തെ സംസ്ഥാനമാണ് കേരളം. 27 സംസ്ഥാനങ്ങളിലെയും സ്വകാര്യ സർവകലാശാലാനിയമത്തിൽ ഇല്ലാത്ത വിദ്യാർഥി അവകാശ വകുപ്പുകളാണ് സാക്ഷരകേരളത്തിലെ ഉന്നതവിദ്യാഭ്യാസവിദഗ്ധന്മാർ എഴുതിച്ചേർത്തിരിക്കുന്നത്. ഭരണനേതൃത്വങ്ങൾ കേരളത്തെ വിദ്യാഭ്യാസഹബ്ബാക്കുമെന്നു വിളിച്ചുപറയുമ്പോഴും വിദ്യാർഥിരാഷ്ട്രീയത്തിന്റെ ഇരകളാകാൻവേണ്ടി സ്വകാര്യവ്യക്തികളും അവരുടെ ട്രസ്റ്റുകളും സംഘങ്ങളും കേരളത്തിൽ പണമിറക്കിയാൽ എന്തുനേട്ടമുണ്ടാകുമെന്ന് രണ്ടുവട്ടം ആലോചിക്കണം. കലാലയാന്തരീക്ഷത്തെ കലാപകലുഷിതമാക്കുന്ന വിദ്യാർഥി രാഷ്ട്രീയത്തെ നിയന്ത്രിക്കാനോ നിലയ്ക്കു നിർത്താനോ സാധിക്കാതെ ഉന്നതവിദ്യാഭ്യാസമേഖല ചക്രശ്വാസം വലിക്കുമ്പോൾ നിയമഭേദഗതിയിലൂടെ ഇക്കൂട്ടർക്കു സംഘടനാസ്വാതന്ത്ര്യം അനുവദിക്കുമ്പോഴുള്ള ഭവിഷ്യത്തുകൾ ചിന്തകൾക്കതീതമായ തിരിച്ചടിയാകും.

**കലാലയരാഷ്ട്രീയചരിത്രം**

കേരളത്തിലെ കലാലയങ്ങളിൽ 1960 മുതൽ ആരംഭിച്ച സംഘടനാപ്രവർത്തനങ്ങൾക്കു നിയമംമൂലമുള്ള അംഗീകാരമാണ് കേരളനിയമസഭ 2025 മാർച്ച് 25 നു നൽകിയിരിക്കുന്നത്. ഈ 65 വർഷക്കാലം സംസ്ഥാനത്തെ സ്കൂളുകളിലും കോളജുകളിലും അരങ്ങേറിയ അക്രമപരമ്പരകളും കൊലപാതകങ്ങളും പൊതുസമൂഹത്തിൽ സൃഷ്ടിച്ച അരക്ഷിതാവസ്ഥയും അരാജകത്വവും കണ്ടില്ലെന്നു നടിച്ച് കലാലയരാഷ്ട്രീയത്തെ വെള്ളപൂശാൻ നിയമസഭാസാമാജികർ കക്ഷിഭേദമെന്യേ ഒറ്റക്കെട്ടായി കൈകോർത്തത് സാക്ഷരസമൂഹത്തെ ലജ്ജിപ്പിക്കുന്നു. നിയമസഭാസാമാജികരുടെ ശമ്പളവർധനയിൽ മാത്രമാണ് ഇതിനുമുമ്പ് ഇത്രയും വലിയ ഒരുമയും സ്വരുമയും നാം ദർശിച്ചത്.

രാഷ്ട്രീയപ്പാർട്ടികൾക്കു കൊടിപിടിക്കാൻ ആളുവേണം. അധികാരമുറപ്പിക്കാൻ അക്രമങ്ങൾ വേണം. വിദ്യാർഥിരാഷ്ട്രീയചരിത്രവും പാരമ്പര്യവും പൊതുവേദികളിൽ പുലമ്പാനും തലമുറകളിലേക്ക് ഇവ കൈമാറി ആവേശം വിളമ്പാനും രക്തസാക്ഷികൾ വേണം. കേരളത്തിലെ കലാലയങ്ങളിൽ കക്ഷിരാഷ്ട്രീയത്തിന്റെ മറവിൽ കഴിഞ്ഞ ആറര പ്പതിറ്റാണ്ടായി സംഭവിച്ചുകൊണ്ടിരിക്കുന്നതിന്റെ ചുരുക്കമിതാണ്. തിളയ്ക്കുന്ന നല്ല പ്രായത്തിൽ കലാലയങ്ങളിൽ അക്രമങ്ങൾക്കിരയായി ജീവൻ വെടിയേണ്ടിവന്നവരുടെ ആത്മാക്കൾപോലും ക്ഷമിക്കുന്നതല്ല സംസ്ഥാനസർക്കാരിന്റെ പുതിയ ഉന്നതവിദ്യാഭ്യാസ നിയമനിർമാണത്തിലെ വിദ്യാർഥിരാഷ്ട്രീയ അജണ്ടകൾ. സ്വാശ്രയസമരത്തിന്റെ പേരിൽ കൂത്തുപറമ്പിൽ വെടിയേറ്റ് തെരുവിൽ പിടഞ്ഞുമരിച്ച രക്തസാക്ഷികളുടെ ആത്മാക്കൾ മടങ്ങിവന്നിരുന്നെങ്കിൽ കേരളനിയമസഭ 2025 മാർച്ച് 25 ന് ചോരക്കളമാകുമായിരുന്നു.

**2017 ലെ കോടതിവിധി**

കലാലയങ്ങളിൽ രാഷ്ട്രീയം പാടില്ലെന്നുള്ള കോടതിവിധികൾ 2002 മുതൽ നിലവിലുള്ളതാണ്. 2017 ൽ പൊന്നാനി എംഇഎസ് കോളജിൽ സമരംമൂലം ക്ലാസുകൾ നഷ്ടപ്പെട്ടപ്പോൾ അധികൃതർ സമർപ്പിച്ച ഹർജിയിന്മേലുള്ള വിധിവാക്യങ്ങൾ ഏറെ ശ്രദ്ധേയമാണ്. 'ദൈവാലയത്തിലോ ക്ഷേത്രങ്ങളിലോ ആരും ധർണ നടത്താറില്ലയെന്ന' കോടതിയുടെ വിലയിരുത്തൽ വിദ്യാഭ്യാസസ്ഥാപനങ്ങളുടെ പവിത്രത ഉയർത്തിക്കാട്ടുന്നു. 2017 ഒക്ടോബർ 2 ലെ കോടതിനിരീക്ഷണങ്ങൾ രാഷ്ട്രീയനേതൃത്വങ്ങൾ കണ്ടില്ലെന്നു നടിക്കുമ്പോൾ ഇവിടെ പ്രത്യേകം പരാമർശിക്കാതെ തരമില്ല. അവ പ്രധാനമായും താഴെപ്പറയുന്നവയാണ്.



1. വിദ്യാർഥിസംഘടനകൾ വിദ്യാഭ്യാസസ്ഥാപനങ്ങളെ ഹൈജാക്ക് ചെയ്യാൻ അനുവദിക്കില്ല.

2. മക്കളെ കോളജിൽ വിടുന്നതെന്തിനെന്ന് രക്ഷിതാക്കൾ ചിന്തിക്കണം. പഠിക്കാനും അതുവഴി മാന്യമായ ജോലിയും ജീവിതമാർഗവുമാണു ലക്ഷ്യമിടുന്നത്.

3. കുട്ടികൾക്കു ധർണയും പിക്കറ്റിംഗും രാഷ്ട്രീയപ്രവർത്തനവുമാണോ പ്രധാനമെന്നു മാതാപിതാക്കൾ ശ്രദ്ധിക്കണം. ക്ഷേത്രങ്ങളുടെയും പള്ളികളുടെയും മുന്നിൽ ആരെങ്കിലും ധർണയും സത്യാഗ്രഹവും നടത്താറുണ്ടോ?

മഹത്തായ ഈ കോടതിവിധിയെപ്പോലും നിഷ്പ്രഭമാക്കുന്നതാണ് രാഷ്ട്രീയഭരണനേതൃത്വങ്ങളുടെ 2025 മാർച്ച് 25 ലെ പുതിയ ഉന്നതവിദ്യാഭ്യാസനിയമനിർമാണത്തിലെ വിദ്യാർഥി അവകാശവാദങ്ങൾ.

**രാഷ്ട്രീയവാദഗതികൾ**

വിദ്യാർഥിസംഘടനാപ്രവർത്തനത്തിനു നിയമപരമായി വാതിൽ തുറക്കണമെന്നുള്ള വാദഗതികളും വിചിത്രംതന്നെ. അവ ഇപ്രകാരം:

1. ജനാധിപത്യബോധം ഉണർത്താൻ.

2. വിദ്യാർഥിസംഘടനകൾ രാഷ്ട്രീയപ്പാർട്ടികളുടെ പോഷകസംഘടനകളല്ല എന്ന ന്യായം പറഞ്ഞ്.

3. മതേതരമൂല്യങ്ങൾ ഉയർത്തിപ്പിടിച്ചു ജാതി - മതവത്കരണത്തിനെതിരേ വിദ്യാർഥികളിൽ ഉണർവുണ്ടാക്കാൻ.

4. വിദ്യാഭ്യാസമേഖലകളിൽ മാനേജ്മെന്റുകളെ കൂച്ചിക്കെട്ടാനും സ്വകാര്യ സ്വാശ്രയ സേവന മേഖലകളെ നിലയ്ക്കുനിർത്താനും.

5. വിദ്യാർഥികൾ സാമൂഹികയാഥാർഥ്യങ്ങളെ ഉൾക്കൊള്ളാതെ തീവ്രവാദപ്രസ്ഥാനങ്ങളിലേക്കു തിരിയുന്നതിനെതിരേ പ്രതികരിക്കാൻ.

6. വിദ്യാർഥികളിൽ സ്വാർഥതയും വ്യക്തിവാദവും വളരുന്നതു തടയാൻ

7. ലഹരിയുപയോഗം വർധിക്കുന്നതു നിർത്തലാക്കാൻ

8. വിദ്യാർഥികളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ

9. വിദ്യാർഥികളുടെ സ്വാതന്ത്ര്യവും വ്യക്തിത്വവും ആരുടെ മുമ്പിലും അടിയറ വയ്ക്കാതിരിക്കാൻ.

ഇതെല്ലാം മനസ്സിൽ സൂക്ഷിച്ചുവെച്ചായിരിക്കാം സർവകലാശാല നിയമഭേദഗതി വിദ്യാർഥികളുടെ അവകാശപ്രഖ്യാപനമാണെന്ന് ഉന്നതവിദ്യാഭ്യാസമന്ത്രി സംസ്ഥാനനിയമസഭയിൽ ബില്ലിന്റെ അവതരണവേളയിൽ പറഞ്ഞത്.

**സ്വാശ്രയപഠനശിപാർശകൾ**

സ്വാശ്രയവിദ്യാഭ്യാസസ്ഥാപനങ്ങളിൽ വിദ്യാർഥികളുടെ സംഘടനാസ്വാതന്ത്ര്യവും പ്രതിഷേധപ്രകടനത്തിനുള്ള അവകാശവും സംരക്ഷിക്കാൻ നിയമനിർമാണം നടത്തണമെന്നു സ്വാശ്രയമേഖലയിലെ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കാൻ സർക്കാർ നിയോഗിച്ച ഹൈക്കോടതി മുൻ ജഡ്ജി കെ.കെ. ദിനേശൻ അധ്യക്ഷനായ സമിതി ശിപാർശ ചെയ്തിരുന്നു. ഈ ശിപാർശകളുടെ നടത്തിപ്പാണ് കേരള നിയമസഭയിൽ 2025 മാർച്ച് 25 ന് അരങ്ങേറിയത്.

ജസ്റ്റിസ് കെ.കെ. ദിനേശൻ പഠനസമിതിയുടെ ശിപാർശകളിൽ പറയുന്നതിപ്രകാരം: 'കാമ്പസുകളിൽ ആയുധം കൈവശം വയ്ക്കാതെ സമാധാനപരമായി നടത്തുന്ന സത്യാഗ്രഹമോ സമരമോ തടയുന്നത് മൗലികാവകാശങ്ങളുടെ ലംഘനമാണ്. അംഗീകൃതവിദ്യാർഥിസംഘടനകളെ മാത്രം കാമ്പസിനുള്ളിൽ പ്രവർത്തിക്കാൻ അനുവദിക്കണമോയെന്ന് സർക്കാർ തീരുമാനിക്കണം. വിദ്യാർഥിരാഷ്ട്രീയത്തിനു ന്യായമായ പരിധി ഏർപ്പെടുത്താൻ മാനേജ്മെന്റുകൾക്ക് അധികാരമില്ലെന്നും ഇതു നിയമനിർമാണത്തിലൂടെയേ സാധ്യമാവൂയെന്നും ശിപാർശയിലുണ്ട്.'

'ഭരണഘടനയുടെ 19-ാം അനുച്ഛേദപ്രകാരം പൗരന്മാർക്ക് അഭിപ്രായപ്രകടനം നടത്താനും സമാധാനപരമായി സമ്മേളിക്കാനും യൂണിയനുകളും അസോസിയേഷനുകളും രൂപീകരിക്കാനും അവകാശമുണ്ട്. അതേസമയം, ഏതു വ്യാപാരത്തിലും ബിസിനസിലും ജോലിയിലും ഏർപ്പെടാനും ഇതേ അനുച്ഛേദം പൗരന്മാർക്ക് അവകാശം നൽകുന്നുമുണ്ട്. വിദ്യാഭ്യാസം തൊഴിലായാണു നിർവചിച്ചിട്ടുള്ളത്. ഇതിനുള്ള അവകാശത്തിനുമാത്രം പ്രാധാന്യം നൽകിയാണ് വിദ്യാർഥിരാഷ്ട്രീയത്തിനു കോടതി വിലക്കേർപ്പെടുത്തിയത്. വിദ്യാർഥികൾക്കു സംഘടിക്കാനും യൂണിയൻ പ്രവർത്തനം നടത്താനുമുള്ള അധികാരത്തിന് പരിധി നിശ്ചയിക്കാൻ മാനേജ്മെന്റുകൾക്ക് സോജൻ ഫ്രാൻസിസ് കേസിലെ ഉത്തരവിലൂടെ ഹൈക്കോടതി അനുമതി നൽകിയിട്ടുണ്ട്. പക്ഷേ, ഈ പരിധി മാനേജ്മെന്റുകൾക്കു നിശ്ചയിക്കാനാവുന്നതല്ല. നിയമനിർമാണസഭകൾക്കുമാത്രമേ ജനഹിതമറിഞ്ഞുള്ള പരിധി നിശ്ചയിക്കാനാവൂ. വിദ്യാർഥി സംഘടനാപ്രവർത്തനവും സമരങ്ങളും നിരോധിക്കുന്നത് ഭരണഘടനാപരമായ പൗരന്മാരുടെ അവകാശത്തെ പൂർണമായി ഹനിക്കലാണ്.'

**കേരളം കണ്ണുതുറക്കട്ടെ**

വിദ്യാർഥിരാഷ്ട്രീയത്തിന്റെ അതിപ്രസരവും അരക്ഷിതാവസ്ഥയുംമൂലം കേരളത്തിൽ സ്വന്തം മക്കളെ പഠിപ്പിക്കാൻ മാതാപിതാക്കൾ മടിക്കുന്നു. പുതുതലമുറ നാടുവിട്ടോടുന്ന സ്ഥിതിവിശേഷം ജനസംഖ്യാക്രമങ്ങൾ പോലും അട്ടിമറിക്കുന്നു. എന്തിനേറെ, സംസ്ഥാനത്തെ ജനപ്രതിനിധികളുടെയും സംസ്ഥാനസർക്കാർ തീറ്റിപ്പോറ്റുന്ന ഉദ്യോഗസ്ഥരുടെയും മക്കൾപോലും ഉന്നതവിദ്യാഭ്യാസം നടത്തുന്നത് ഇന്ത്യയിലെ ഇതരസംസ്ഥാനങ്ങളിലും വിദേശത്തുമാണ്. കേരളത്തിലെ വിവിധ കോളജുകളിൽ പതിനായിരക്കണക്കിനു സീറ്റുകൾ പഠിക്കാൻ കുട്ടികളില്ലാതെ ഒഴിഞ്ഞുകിടക്കുന്നു. പുതുതലമുറയെ കേരളമണ്ണിൽനിന്ന് ആട്ടിപ്പായിക്കുന്നവർ വികലമായ രാഷ്ട്രീയ അടിമത്വം പേറുന്ന പഠനറിപ്പോർട്ടുകൾ ഗൂഢലക്ഷ്യത്തോടെ പൊടിതട്ടിയെടുത്തു നിയമമാക്കുമ്പോൾ ഈ നാടിനെ വൻനാശത്തിലേക്കു തള്ളിവിടുന്ന വലിയ അപകടമാണ് ബോധപൂർവം ക്ഷണിച്ചുവരുത്തുന്നതെന്ന് നാം മറക്കരുത്. ■

# എന്നാലും എന്റെ നാരായണീ...




**മാ**ർക്കോസിനിമയെ മാർക്കറ്റ് ചെയ്തിരുന്നത് മലയാളത്തിൽ ഇറങ്ങിയിട്ടുള്ള ഏറ്റവും വയലൻസ് നിറഞ്ഞ സിനിമ എന്ന പേരിൽത്തന്നെയായിരുന്നു. അക്കാരണത്താൽ മിനിമംധാരണയോടെയായിരുന്നു ആളുകൾ ആ സിനിമയ്ക്കു പോയത്. വയലൻസ് കണ്ടാൽ തലകറങ്ങുന്നവർക്കും പേടി തോന്നുന്നവർക്കും സിനിമ കാണാതിരിക്കാമായിരുന്നു. അതേസമയം, വയലൻസിനോട് ഇഷ്ടമുള്ളവർക്കാകട്ടെ, വേണമെങ്കിൽ കാണുകയും ചെയ്യാം. 16+ ആയതുകൊണ്ട് കുട്ടികളെ സിനിമ കാണിക്കാതിരിക്കുന്നതിനുള്ള വിവേകം പുലർത്താൻ മാതാപിതാക്കൾക്കും കഴിഞ്ഞിരുന്നു. അതുപോലെതന്നെ മുറ, പണി എന്നീ പേരുകൾ കേൾക്കുമ്പോഴും അതിന്റെ ഇതിവൃത്തം എന്തായിരിക്കാം എന്നൊരു ധാരണ പ്രേക്ഷകർക്കു ലഭിച്ചിരുന്നു.

എന്നാൽ, അങ്ങനെയൊന്നും ലഭിക്കാതിരിക്കുകയും ശീർഷകത്തിലൂടെ പ്രേക്ഷകരെ തെറ്റിദ്ധരിപ്പിക്കുകയും കുടുംബചിത്രമാണെന്ന തോന്നലുണ്ടാക്കുകയും എന്നാൽ, കുടുംബവിരുദ്ധമായ ആശയം സമർഥമായി അവതരിപ്പിക്കുകയും ചെയ്തുകൊണ്ട് മാർക്കോയെക്കാൾ ഭീകരമായ ചിത്രമായി മാറിയിരിക്കുകയാണ് നാരായണീന്റെ മൂന്നാൺമക്കൾ. മാർക്കോ പരസ്യമായി വയലൻസ് രേഖപ്പെടുത്തിയെങ്കിൽ നാരായണീന്റെ മൂന്നാൺമക്കളിൽ മനംമടുപ്പിക്കുന്ന വിധത്തിലുള്ള ബാഹ്യമായ അക്രമങ്ങൾ ഒന്നുമില്ല. പക്ഷേ, പ്രസ്തുതചിത്രം ആശയപരമായി ആന്തരികമായ അക്രമത്തിനും സദാചാരധ്വംസനത്തിനും ധാർമികവിരുദ്ധതയ്ക്കുമാണ് തിരികൊളുത്തുന്നത്.

പണ്ടുമുതല്ക്കേ മലയാളസിനിമയിൽ പറഞ്ഞുപോന്നിട്ടുള്ള ഒരു ഇതിവൃത്തം പശ്ചാത്തലമാക്കി പുതിയകാലത്തെ സഹോദരബന്ധങ്ങളെയും സ്ത്രീപുരുഷബന്ധങ്ങളെയും ആവിഷ്കരിക്കാനാണ് ഈ ചിത്രത്തിൽ ശ്രമിച്ചിരിക്കുന്നതെങ്കിലും അതു പ്രേക്ഷകന്റെ ഉള്ളിലെ സകല നന്മയെയും ചോർത്തിക്കളയുന്നവിധത്തിലും ജുഗുപ്സാവഹമായ വിധത്തിലുമാണ് ആവിഷ്കരിച്ചിരിക്കുന്നത്. നാരായണീന്റെ മൂന്നാൺമക്കളുടെ ഇതിവൃത്തം പരിശോധിക്കുമ്പോൾ പെട്ടെന്ന് ഓർമയിലേക്കു വരുന്നത് എംടി - ഐ വി ശശി ടീമിന്റെ ആൾക്കൂട്ടത്തിൽ തനിയെ എന്ന സിനിമയാണ്. മാധവൻ മാസ്റ്റർ മരണാസന്നനാകുമ്പോൾ നഗരത്തിൽനിന്ന് മക്കളും മരുമക്കളും എത്തിച്ചേരുന്നു. മരണം നീണ്ടുപോകുന്നതിൽ അവർ അസ്വസ്ഥരാകുന്നു. സഹോദരങ്ങൾ തമ്മിലുള്ള അകൽച്ചയും ദാമ്പത്യബന്ധത്തിലെ പൊരുത്തക്കേടുകളും ഈ സിനിമയിൽ വരച്ചുകാണിക്കുമ്പോൾത്തന്നെ നിസ്വാർഥസ്നേഹത്തിന്റെ മെഴുകുതിരിവെട്ടങ്ങളും അതു കാണിച്ചുതരുന്നുണ്ടായിരുന്നു. പുതിയ തലമുറയുടെ സമയമില്ലായ്മയും ബന്ധങ്ങളിൽ സംഭവിച്ച ഇടർച്ചകളും നന്ദികേടുകളും സ്വാർഥതകളുമൊക്കെ ആ സിനിമ ഹൃദ്യമായി വരച്ചുകാണിച്ചിരുന്നു. സകലരും ഉപേക്ഷിച്ചുകളഞ്ഞ കല്ല് മൂലക്കല്ലായിത്തീരുന്നതുപോലെ അമ്മുക്കുട്ടി മാധവൻ മാസ്റ്ററുടെ സംരക്ഷണം ഏറ്റെടുക്കുന്ന രീതിയിലാണ് സിനിമ അവസാനിക്കുന്നത്. എവിടെയൊക്കെയോ ആ സിനിമ പ്രേക്ഷകരെ വിമലീകരിക്കുന്നുണ്ടായിരുന്നു. ചില തിരിച്ചറിവുകൾ പ്രേക്ഷകനു നല്കുന്നുമുണ്ടായിരുന്നു. തിരുത്താനുള്ള പ്രചോദനം നല്കുന്നുണ്ടായിരുന്നു.

കുടുംബാംഗങ്ങളുടെയും ബന്ധുമിത്രാദികളുടെയും സംഗമമായിരുന്നു ഫാസിലിന്റെ എന്നെന്നും കണ്ണേട്ടന്റെ എന്ന സിനിമ പറഞ്ഞത്. ഒരു അവധിക്കാലത്തു സംഭവിക്കുന്ന കഥയായിട്ടാണ് ആ സിനിമ അവതരിപ്പിച്ചിരിക്കുന്നത്. പ്രണയവും തെറ്റുധാരണയും വിരഹവും കൂട്ടുകുടുംബങ്ങളുടെ ഊഷ്മളതയുമൊക്കെ അതിൽ പ്രകടമായിരുന്നു. ചെറിയൊരു നോവുണർത്തിമാത്രമേ ആ സിനിമ കണ്ടുതീർക്കാൻ കഴിയുമായിരുന്നുള്ളൂ. അരയന്നങ്ങളുടെ വീട്, തിങ്കളാഴ്ച നല്ല ദിവസം എന്നിങ്ങനെ പല സിനിമകളും വിദൂരങ്ങളിൽനിന്നുള്ള ബന്ധങ്ങളുടെ കൂടിച്ചേരലും അവിടെ ഉടലെടുക്കുന്ന സംഘർഷങ്ങളും സമ്യക്കായി ആവിഷ്കരിച്ചവയായിരുന്നു. ഇതുപോലെ പേരെടുത്തുപറയാൻ വേറേയും ചിത്രങ്ങളുണ്ടാവാം.

എന്നാൽ, അതൊന്നുമല്ല നാരായണീന്റെ മൂന്നാൺമക്കൾ. സാഹോദര്യത്തോടു നിർവികാരത പുലർത്തുന്നവർ. ആർക്കും ആരെയും ഇഷ്ടമില്ല. എല്ലാം ചില കടമനിർവഹിക്കലുകൾമാത്രം. മരണാസന്നയായ അമ്മയെ കാണാനും സംസ്കാരകർമത്തിൽ പങ്കെടുത്ത് തിരികെ വിദേശത്തേക്കും ജോലിസ്ഥലത്തേക്കും മടങ്ങാനുമായി നാട്ടിലെത്തിച്ചേരുന്ന രണ്ട് ആൺമക്കളും അമ്മയെ പരിചരിക്കുന്ന നാട്ടിൻപുറത്തുകാരനും അവിവാഹിതനുമായ മറ്റൊരു മകനും. അവരാണ് നാരായണീന്റെ മൂന്ന് ആൺമക്കൾ. ഇന്നല്ലെങ്കിൽ നാളെ മരിക്കാം എന്ന രീതിയിൽ വൈദ്യശാസ്ത്രം വിധി പ്രസ്താവിച്ചിരിക്കുന്ന മരണാസന്നയായ അമ്മയെ ആ അവസ്ഥയിലും കൊല്ലാൻ ശ്രമിക്കുന്ന മക്കളാണ് ചിത്രത്തിലുള്ളത്. മൂന്നാമത്തെ മകൻ അമ്മയെ കൊല്ലാൻ ശ്രമിച്ചപ്പോൾ ആ ശ്രമം വിജയിക്കുമോയെന്ന് ആകാംക്ഷയോടെ നോക്കിനില്ക്കുന്ന, ശ്രമം പരാജയപ്പെട്ടതിൽ ഇച്ഛാഭംഗം നേരിട്ട മൂത്ത സഹോദരൻ പറയുന്നത്, നിന്നെക്കൊണ്ട് അതിനു കൊള്ളില്ലെന്ന് എനിക്കറിയാമായിരുന്നു. ഞാനും നോക്കിയതാ നടന്നില്ല എന്നാണ്. എന്തൊരു രക്തബന്ധം!

ഈ രണ്ടുമക്കളുടെയും ബാധ്യതയല്ല അമ്മ. അമ്മയ്ക്കു രോഗം മൂർച്ഛിച്ചപ്പോൾമാത്രം വന്നവരാണവർ. അവധി കഴിയുമ്പോൾ അവർക്കു നിഷ്പ്രയാസം മടങ്ങിപ്പോകാവുന്നതേയുള്ളൂ. എന്നിട്ടും തങ്ങൾക്കു യാതൊരുവിധത്തിലുള്ള ബാധ്യതയുമാകാത്ത അമ്മയുടെ ജീവൻ കവർന്നെടുക്കാനാണ് മക്കൾ ശ്രമിക്കുന്നത്. നേർക്കുനേരേ പൊരുതാൻ കഴിവുള്ള എതിരാളിയെ കൊന്നൊടുക്കുന്ന മാർക്കോയെക്കാൾ നാരായണിക്കുനേരേ നടക്കുന്ന വധശ്രമം ഭീതിപ്പെടുത്തുന്നത് ദുർബലമായ ജീവനുനേരേയാണ് അതിലെ ആക്രമണം എന്നതുകൊണ്ടാണ്; കുടുംബങ്ങളിൽ അത്തരത്തിലുള്ള സാധ്യതകൾ അവശേഷിക്കുന്നു എന്നതുകൊണ്ടാണ്. ശയ്യാവലംബിയായി കഴിയുന്ന വൃദ്ധമാതാപിതാക്കളുടെയോ അല്ലെങ്കിൽ മറ്റുള്ളവരുടെയോ ജീവനു നേരേ ഇത്തരത്തിലുള്ള ആക്രമണം നടത്താൻ ഒരാൾക്കെങ്കിലും പ്രേരണ നല്കിയേക്കാം എന്നു ഭയപ്പെടുന്നതുകൊണ്ടുമാണ്. തീർന്നില്ല, നാരായണീടെ കുടുംബത്തിലെ മറ്റു വിശേഷങ്ങൾ.



സഹോദരന്റെ മക്കളുമായി കഞ്ചാവു വലിക്കാൻ സന്നദ്ധനാകുകയും അവർ കഞ്ചാവു വലിക്കുമ്പോൾ യാതൊരു വിധത്തിലുള്ള അസ്വാഭാവികതയും പ്രകടിപ്പിക്കാത്ത ആളുമാണ് സേതു എന്ന കഥാപാത്രം.. സഹോദരന്മാർ തമ്മിൽ ചെറുപ്പംമുതൽക്കേ സാഹോദര്യത്തിലായിരുന്നില്ല എന്നാണ് ചിത്രം പറയുന്നത്. തങ്ങളെക്കാൾ പഠിപ്പുകുറവുള്ള സഹോദരനെ പൊട്ടൻ എന്നു വിളിച്ച് അധിക്ഷേപിക്കുകയാണ് മറ്റു രണ്ടുപേർ. ചെറുപ്പംമുതൽക്കേയുള്ള വൈരം അവർ ഈ അവസ്ഥയിലും മറന്നുപോകാതെ കാത്തുസൂക്ഷിക്കുന്നുമുണ്ട്. അതോടൊപ്പം അവർക്കിടയിൽ സ്വത്തിനുവേണ്ടിയുള്ള ദാഹമുണ്ട്. അവകാശപ്പെട്ടതു കൊടുക്കാതിരിക്കാനുള്ള ശ്രമങ്ങളുണ്ട്. അവകാശപ്പെട്ടതു പിടിച്ചുവാങ്ങാനുള്ള ശ്രമങ്ങളുണ്ട്. അവരുടെ മക്കൾ മാതാപിതാക്കളെക്കുറിച്ചു നടത്തുന്ന നിരീക്ഷണമനുസരിച്ചാണെങ്കിൽ ഒരാൾ അകം വെളിപ്പെടുത്താതെ ജീവിക്കുന്നവനും മറ്റെയാൾ ഉള്ളതുപോലെയും മറച്ചുവയ്ക്കാതെയും രോഷം പ്രകടിപ്പിക്കുന്നയാളും.

ദാമ്പത്യബന്ധങ്ങളും അത്ര ഹൃദ്യമായ വിധത്തിലൊന്നുമല്ല ആവിഷ്കരിച്ചിരിക്കുന്നത്. അമ്മയും മകളും തമ്മിലുള്ള സംഘർഷമാണ് മറ്റൊരു തലം. പരസ്പരം ഈഗോയിസ്റ്റുകളാണ് അമ്മയും മകളും. ഇതിനെല്ലാം പുറമേയാണ് സഹോദരമക്കൾ തമ്മിലുള്ള അവിശുദ്ധബന്ധം. യാതൊരു കുറ്റബോധവും ഇല്ലാതെ വളരെ സ്വാഭാവികമായ സ്ത്രീപുരുഷ ആകർഷണംപോലെയാണ് അതു ചിത്രത്തിൽ ആവിഷ്കരിച്ചിരിക്കുന്നത്. ചേച്ചിയെന്നു വിളിക്കാവുന്ന പിതൃസഹോദരപുത്രിയുമായിട്ടാണ് ഈ ബന്ധം. അനിയനെപ്പോലെ കരുതാവുന്ന ആണൊരുവനോടാണ് അവൾ അതിരുകളില്ലാതെ പെരുമാറുന്നത്. രണ്ടുപേർക്കും ബ്രേക്ക് അപ്പായ ചില സ്നേഹബന്ധങ്ങളുടെ കഥകളുമുണ്ട്. ഇങ്ങനെ നോക്കുമ്പോൾ നന്മയെന്നു പറയാവുന്ന ഒരു ഘടകവും ഇതിലെ ഒരു കഥാപാത്രങ്ങളിലും കാണാൻ കഴിയുന്നില്ല. സേതുവെന്ന കഥാപാത്രത്തിലെ ചില അംശങ്ങളൊഴിച്ച്. പുറത്തേക്കുള്ള എല്ലാ വാതിലുകളും കൊട്ടിയടച്ച് ഇരുട്ടിൽ ദുർഗന്ധം ശ്വസിച്ചുകഴിയുന്ന അവസ്ഥയായിരുന്നു ഈ ചിത്രം കണ്ടപ്പോൾ അനുഭവിച്ചത്.

രക്തബന്ധത്തിൽപ്പെട്ടവർ തമ്മിലുള്ള ചിത്രത്തിലെ ലൈംഗികബന്ധത്തെ ന്യായീകരിക്കുന്ന വിധത്തിലുള്ള പല കുറിപ്പുകളും ഇപ്പോൾ സോഷ്യൽ മീഡിയായിൽ വൈറലാണ്. കേരളത്തിൽ ഒരു കാലത്ത് സജീവമായുണ്ടായിരുന്നതും മലയാളസിനിമയിൽ പലതവണ ആവർത്തിച്ചിട്ടുള്ളതുമായ മുറപ്പെണ്ണ് - മുറച്ചെറുക്കൻ ബന്ധം സാധൂകരിക്കാമെങ്കിൽ എന്തുകൊണ്ട് സഹോദരന്മാരുടെ മക്കൾ തമ്മിലുള്ള ലൈംഗികബന്ധം എതിർക്കപ്പെടണം എന്നാണ് ഇവരുടെ വാദം. ദയാവധത്തിനും ഗർഭച്ഛിദ്രത്തിനും നിയമപരിരക്ഷ ആവശ്യപ്പെടുകയും രാസലഹരിയുടെ മറവിൽ ഏതുവിധത്തിലുള്ള അക്രമവും നടത്താൻ തയ്യാറാവുകയും ചെയ്യുന്ന ഒരു യുവതലമുറ രൂപപ്പെട്ടുവരുമ്പോൾ ഇത്തരം ന്യായീകരണങ്ങൾപോലും നമ്മെ ഞെട്ടിക്കാതെ വരുന്നുണ്ട്. ഒരു സുഹൃത്ത് സംസാരിച്ചപ്പോൾ അഭിപ്രായപ്പെട്ടതുപോലെ നോർമലായ കാര്യങ്ങൾ ചെയ്യാനല്ല ഇന്നു ചെറുപ്പക്കാർക്കു താത്പര്യം. അബ്നോർമാലിറ്റികളെ നോർമലൈസ് ചെയ്യാനാണ് അവർ ശ്രമിക്കുന്നത്. അത്തരമൊന്നിന്റെ ഭാഗമായാണ് ഈ ചിത്രത്തിലെ രക്തബന്ധത്തിൽപ്പെട്ടവർ തമ്മിലുള്ള ലൈംഗികതയെ അവർ ന്യായീകരിക്കുന്നത്. രക്തബന്ധത്തിൽ പെട്ടവർ തമ്മിലുള്ള വിവാഹത്തിലൂടെ ജനിക്കുന്ന കുഞ്ഞുങ്ങൾക്കു ജനിതകപരമായ വൈകല്യങ്ങൾ ഉണ്ടാകാനുള്ള സാധ്യതയേറെയാണ് എന്ന വിധത്തിലുള്ള പഠനങ്ങൾ നടന്നുകൊണ്ടിരിക്കുന്ന കാലംകൂടിയാണിത്.

മാത്രവുമല്ല, ഇന്നു മുറപ്പെണ്ണ് - മുറച്ചെറുക്കൻ വിവാഹങ്ങൾ എവിടെയാണ് വ്യാപകമായിരിക്കുന്നത്? അറിവില്ലായ്മകളുടെ കാലത്ത് അത്തരം ബന്ധങ്ങൾ നടന്നിട്ടുണ്ട് എന്നതു വാസ്തവം. പക്ഷേ, അവയൊക്കെ ഇപ്പോൾ കാലഹരണപ്പെട്ടുകഴിഞ്ഞിരിക്കുന്നു. അത്തരമൊരു സാഹചര്യത്തിലാണ് മറ്റൊരുതരത്തിലുള്ള അഗമ്യഗമനത്തിനുള്ള പ്രചോദനവുമായി ഇത്തരം ചിത്രങ്ങൾ വരുന്നത്. ബന്ധങ്ങളുടെ വിലയും പ്രസക്തിയും മൂല്യവും തിരിച്ചറിയാതെ മക്കളെ വളർത്തുന്ന മാതാപിതാക്കളും ഇക്കാര്യത്തിൽ പ്രതികളാണ് എന്നു പറയേണ്ടിയിരിക്കുന്നു. ആദ്യമായി കാണുന്ന രക്തബന്ധമുള്ളവർ തമ്മിൽ സാഹോദര്യത്തിനു പകരം കാമം തോന്നുന്നുവെങ്കിൽ പുതിയ തലമുറയിലെ ചെറുപ്പക്കാരുടെ മാനസികാരോഗ്യത്തിനു കുഴപ്പമുണ്ടെന്നല്ലേ തെളിയുന്നത്? അതുപോലെ ആ രീതിയിൽ അവരെ വളർത്തിക്കൊണ്ടുവന്ന മാതാപിതാക്കളും ഇക്കാര്യത്തിൽ കുറ്റക്കാരല്ലേ?

മുമ്പൊരു ലേഖനത്തിൽ നാരായണീന്റെ മൂന്നാൺമക്കളെ ഒരു കുടുംബചിത്രമായി പരാമർശിച്ചുപോയതിൽ ഖേദിക്കുന്നു. തീയറ്ററിൽ പോയി പടം കണ്ടിരുന്നില്ല. കുടുംബചിത്രം എന്ന നിലയിലാണ് ചില റിവ്യൂ കണ്ടിരുന്നതും. അത്തരമൊരു തെറ്റുധാരണയിലാണ് ആ ലേഖനത്തിൽ പ്രസ്തുത ചിത്രത്തെക്കുറിച്ചു പരാമർശിച്ചു കടന്നുപോയത്. പക്ഷേ, ഒടിടിയിലെത്തിയപ്പോഴാണ് അത് ഏതുതരത്തിലുള്ള സിനിമയായിരുന്നുവെന്നു തിരിച്ചറിഞ്ഞത്. ഇത് ഒരു കാര്യംകൂടി ബോധ്യപ്പെടുത്തി. സ്വന്തമായി കണ്ടു വിലയിരുത്താതെ ഒരു സിനിമയെക്കുറിച്ച് ഒരാളും ഒരു നിഗമനത്തിലെത്തരുത്. ഓരോരുത്തരുടെയും അഭിപ്രായങ്ങൾ വ്യത്യസ്തമാണല്ലോ.

■

Deepanalam Weekly
RNI No : 16998/68
Vol. 58 No. 6 Date of Publication 3 April 2025
Annual Subscription Rate ₹ 400 (For Abroad ₹ 4500)
Registered No. KL/KTM/12/2024-2026
License No. KL/CR/KTM/WPP-16/2024-2026
Licensed to post without pre-payment













Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
Ph: 04822-212842 . 7306874714 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.org